KOTTAYAM PUBLIC LIBRARY

Call No. MA2 Acc. No. 13447

Author കൃഷ്ണപിള്ള, ശ്രീവർദ്ധനത്ത്

Title രണ്ടു കൃതികൾ

# രണ്ടു കൃതികൾ.

## (ഒരു സാഹിത്യപഠനം)

13447
KAMALALAYA BOOK DEPOT.
POST BOX 82,
TRIVANDRUM-1.

ഗ്രന്ഥകർത്താ

ശ്രീവദ്ധനത്തു് എൻ. കൃഷ്ണപിള്ള എം. ഏ.

കമലാലയാപ്രിന്റിംഗ് വൎക്ക്സ് & ബുക്ക് ഡിപ്പോ,

തിരുവനന്തപുരം.

(പകൎപ്പവകാശം)

* NATIONAL BOOK STALL * BR. KOTTAYAM
S.P.C.S. LTD.

[വില അണ [illegible]

---

ഗ്രന്ഥകൎത്താവിന്റെയും ഡിപ്പോവിന്റെയും മുദ്രയില്ലാത്ത പ്രതി വ്യാജനിൎമ്മിതമാകുന്നു.

തിരുവനന്തപുരം

കമലാലയാ ബുക്ക് ഡിപ്പോ പ്രവൎത്തകന്മാൎക്കു വേണ്ടി

"കമലാലയ" പ്രസ്സിൽ അച്ചടിച്ചതു്.

1111.

# അവതാരിക.

രാമായണം ഇരുപത്തിനാലുവൃത്തം, ഭാഗവതം ഇരുപത്തിനാലുവൃത്തം എന്ന രണ്ടു പ്രസിദ്ധ കൃതികൾ തമ്മിൽ താരതമ്യപൂർവ്വകമായിച്ചെയ്ത ഒരു സാഹിത്യ പഠനമാണു് ഈ പ്രബന്ധം. പണ്ഡിതവരേണ്യനായ ശ്രീമാൻ 'സാഹിത്യകുശലൻ' ടി. കെ. കൃഷ്ണമേനോൻ അവർകൾ ആവശ്യപ്പെട്ടതനുസരിച്ചു് കൊച്ചി ടെക്സ്റ്റ്ബുക്കു കമ്മിററിക്കു വേണ്ടി ഭാഗവതം ഇരുപത്തിനാലു വൃത്തത്തിനു് ഞാൻ ഒരു അവതാരിക എഴുതിയ അവസരം ഈ രണ്ടു കൃതികൾ തമ്മിലുള്ള പരസ്പരബന്ധം എനിക്കു നല്ലപോലെ ഗ്രഹിപ്പാൻ ഇടവന്നു. ആയതു് ഈ ഉദ്യമംകൊണ്ടു് ഒരുവിധം വിശദമാക്കാനും രണ്ടു കൃതികളുടേയും സാഹിത്യഭാഗങ്ങൾ വിവേചിച്ചറിവാനും ഞാൻ ഉദ്ദേശിക്കുന്നു. യുക്തിയുക്തമായ ആസ്പദത്തിന്മേൽ സാഹിത്യരസാസ്വാദനം ചെയ്യുന്നതിനു് ഇത്തരം വ്യവസായം പര്യാപ്തവുമാണല്ലൊ.

ഈ പ്രബന്ധം എഴുതുന്നതിനു് എന്നെ പ്രോത്സാഹിപ്പിക്കയും ജോലിത്തിരക്കുകളുടെ ഇടയിൽ വൃത്തിയായും വേഗത്തിലും ഇതു് അച്ചടിപ്പിച്ചു തരികയും ചെയ്ത എന്റെ സ്നേഹിതൻ കമലാലയപ്രസ്സ മാനേജർ ശ്രീമാൻ പി. നാരായണൻനായർ അവർകളുടെ പേരിൽ എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു.

സാഹിത്യവിഷയകമായ എന്റെ ഈ പരിശ്രമഫലത്തെ പണ്ഡിതന്മാർ അഭിനന്ദിക്കയും പ്രമാദങ്ങൾ വന്നിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കയും ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഇതു് അവരുടെ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

എന്നു്,

തിരുവനന്തപുരം,<br>14—1—1111.

വിധേയൻ,<br>ശ്രീവർദ്ധനത്തു്<br>എൻ. കൃഷ്ണപിള്ള,<br>ഗ്രന്ഥകാരൻ.

# രണ്ടു കൃതികൾ.

## (ഒരു സാഹിത്യപഠനം)

രാമായണം ഇരുപത്തിനാലുവൃത്തം, ഭാഗവതം ഇരുപത്തിനാലുവൃത്തം എന്ന രണ്ടു മണിപ്രവാളകൃതികൾ തമ്മിൽ ഒരു സാഹിത്യപഠനം ചെയ്യുന്നതിനാണു് ഇതിനു കീഴിൽ പ്രയത്നിക്കുന്നതു്. ഇവ രണ്ടിന്റേയും ഇതിവൃത്തങ്ങൾ സുപ്രസിദ്ധങ്ങളായ രാമായണത്തിലും ഭാഗവതത്തിലും നിന്നെടുത്തവയാണെന്നു പറയേണ്ടതില്ല. എന്നാൽ ഹനുമാനെ നാഗാസ്ത്രംകൊണ്ടു് ഇന്ദ്രജിത്തു ബന്ധിച്ചു എന്നും, ദശഗ്രീവന്റെ പ്രതാപം കണ്ടു്, സീതയെ ലഭിച്ചില്ലെന്നിരുന്നാലും സൂര്യാന്വയത്തിനു കളങ്കം ചേർക്കുന്ന രാവണവധം തനിക്കു് അവിഹിതമെന്നുവെച്ചു ശ്രീരാമൻ സമരവിമുഖനായി! എന്നും, രാവണന്റെ ഓരോ മുഖത്തും പ്രകാശിക്കുന്ന ദൌഷ്ട്യമുദ്രകൾ വിഭീഷണൻ ചൂണ്ടിക്കാണിച്ചു് അദ്ദേഹത്തെ സമരോത്സുകനാക്കി എന്നും, ശംബൂകനിഗ്രഹാർത്ഥമുള്ള യാത്രയിൽ ശ്രീരാമൻ 'താരേശമുഖീ വാണ വനംകണ്ടതിവേലം മാരാതുരനായി' എന്നും ചില കഥനങ്ങൾ വാല്മീകിയിൽ കാണുന്നില്ല. ഒരു ഭാഗം വർജ്ജിക്കുന്നപക്ഷം ഭാഗവതം ഇരുപത്തിനാലുവൃത്തം മൂലകൃതിയെത്തന്നെ അനുഗമിക്കുന്നതായി പറയാം. അതിനെക്കുറിച്ചു വഴിയെ പ്രസ്താവിക്കുന്നതുമാണു്.

(പരപ്പേറിയ മൂലകൃതികളെ തങ്ങളുടെ ഗ്രന്ഥങ്ങളിൽ അടക്കംചെയ്യാൻ ഗ്രന്ഥകാരന്മാർ ഒട്ടേറെ സംക്ഷേപിക്കയും സൂചനങ്ങൾ നൽകി തൃപ്തരാവുകയും ചെയ്തിട്ടുണ്ട്; ചില ഘട്ടങ്ങൾ സാമാന്യം വിസ്തരിക്കയും ചെയ്യാതിരുന്നിട്ടില്ല. എന്നാൽ കവിതാകടാക്ഷങ്ങൾകൊണ്ടു ശോഭിക്കേണ്ട ചില ഭാഗങ്ങൾകൂടി സംക്ഷേപണവ്യഗ്രതയ്ക്കുള്ളിൽ അടിഞ്ഞുപോയതായിക്കാണുന്നു. ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം:—)

രാമായണം ഇരുപത്തിനാലുവൃത്തം.

ശ്രീരാമാദികളുടെ ബാല്യലീലാഘട്ടം—

"നാലു നിജ ചെറിയ ചില ബാലകരിലിയലിനൊരു
ലീലകളിൽ മുദിതനരപാലമണി........"

ഇത്രയും കൊണ്ട് ഉപസംഹരിച്ചിരിക്കുന്നു.

മിഥിലാപ്രവേശം മുതൽ ശ്രീരാമാദികൾ ദശരഥനുമൊന്നിച്ച് അയോദ്ധ്യയ്ക്കു മടങ്ങുന്നതിനകമുള്ള സംഭവങ്ങൾ ഒററപ്പദ്യത്തിൽ നിത്തിയിരിക്കുന്നു:—

'മിഥിലയിലങ്ങകത്തു പുക്കു സകലവരനൃപസമക്ഷം
പുരഹരൻെറ പെരിയ വില്ലുമൊടിച്ചരികജനകനൃപ-
ദുഹിതൃകരപരിഗ്രഹണം കഴിച്ചു ദശരഥനുമായി
പുരിയിൽനിന്നു വിനിർഗ്ഗമിച്ചു രാമരഘുനാഥജയ.'

ശ്രീരാമൻെറ അയോദ്ധ്യാപ്രവേശം, അഭിഷേകം, സൽഭരണം, സീതയുടെ ഗർഭാവസ്ഥ ഇവ ൨൦-ാംവൃത്തം ൧൧-ം, ൧൨-ം, ശ്ലോകങ്ങളിൽ സംഗ്രഹിച്ചിരിക്കുന്നു.

ദേനരേമറിച്ച്, അയോദ്ധ്യാനഗരം, ശ്രീരാമജാതകം, ഖരരാവണയുദ്ധങ്ങൾ, ഹനൂമദ്ബാല്യപരാക്രമങ്ങൾ,

ശ്രീരാമൻെറയും സീതയുടേയും വിലാപങ്ങൾ, അഴകിയ രാവണനെൻറ സീതാദശ്നം, ശ്രീരാമസ്വഗ്ഗാരോഹണം—ഇത്യാദികൾ വിസ്തരമായി വണ്ണിച്ചിട്ടുള്ളവയും ദൃഷ്ടാന്തങ്ങളാണു്. )

ഭാഗവതം ഇരുപത്തിനാലുവൃത്തം.

ശ്രീകൃഷ്ണൻെറ 'മൃത്തുഭോജനം' ഒരേ പദ്യംകൊണ്ടു പൂത്തിയാക്കുന്നു:

"മൃത്തുഭോജനമത്രചെയ്തതു സത്യമെന്നതുറയ്ക്കിലെൻ-
വക്ത്രമിന്നു സമക്ഷമേവ സമീക്ഷ്യ ഹന്ത പരീക്ഷ്യതാം"
ഇത്യുദീയ്യ മുഖം പിളൎന്നളവിത്രിലോകമതിന്നക-
ത്തൊത്തു കണ്ടു യശോദയും പരിശങ്കിതാഹരി
[ഗോവിന്ദ.

അമ്പാടി വെടിഞ്ഞിട്ടു വൃന്ദാവനം വാസസ്ഥാനമാക്കിയ കഥയും ഒരു പദ്യത്തിൽ കഴിച്ചിരിക്കുന്നു.

എന്നാൽ കംസൻെറ മരണലക്ഷണം, രാസകേളി, ഗോപികാവിലാപം, നരകാസുരവധാനന്തരമുള്ള ദ്വാരകായാത്ര—ഇത്യാദികൾ വിസ്തരേണ ഉപന്യസിക്കപ്പെട്ടിരിക്കുന്നു.

ഇങ്ങനെ സംക്ഷേപിക്കയും വിസ്തരിക്കയും ചെയ്യുന്നതിനിടയിൽ ഭാ-ഇ. കത്താവിനു ചില പാകപ്പിഴവു വന്നതായി കാണുന്നു. വാസ്തവത്തിൽ വികസിപ്പിക്കേണ്ടിയിരുന്ന കഥാംശങ്ങൾ കൂടി ആദ്യഭാഗത്തു ചുരുക്കിക്കളഞ്ഞതിനാൽ, കുചേലവൃത്തം, ദേവകീസുതമീളനം, സന്താനഗോപാലം എന്നിവ ക്രമവിരോധമായി വിസ്തരിക്കേണമെന്നു വന്നു. അങ്ങനെ ദേവകീഗൎഭാവസ്ഥ, മായാ

ഭഗവതിയുടെ അവതാരം, ദാമോദരത്വകഥ, ബകാസുര വധം, ദാവാഗ്നിദഹനം, ഖാണ്ഡവദാഹം ഇത്യാദികൾ ശ്രദ്ധേയങ്ങളായ വിഷയങ്ങളല്ലാതെയും, ശ്രീകൃഷ്ണസ്വർഗ്ഗാരോഹണം സൂക്ഷ്മമല്ലാതെയും വിസ്മൃതങ്ങളായിപ്പോയി. രാമായണം ഇരുപത്തിനാലുവൃത്തത്തിലാകട്ടെ വിസ്തരമായി ഉപന്യസിച്ചിട്ടുള്ള കഥാഭാഗങ്ങൾ തമ്മിൽ ഒരു പൊരുത്തക്കുറവും വന്നതായി വക്തവ്യമാകുന്നില്ല.

ഇനിയും, ഇതിവൃത്തഘടനയിൽ ഒരു വിശേഷം രസജനകങ്ങളായ ഘട്ടങ്ങൾ കണ്ടാൽ വിട്ടുന്ന കൂട്ടത്തിലല്ല രണ്ടു കവികളുമെന്നതാണ്. താടകാവധം, ശ്രീരാമവനയാത്ര, ദണ്ഡകയിലെ ഋഷികളുടെ സങ്കടപ്രസംഗം, രാവണന്റെ സീതാസന്ദർശനം, ലങ്കാദഹനം, രാമരാവണയുദ്ധം, അഗ്നിപ്രവേശം—ഇത്യാദി സന്ദർഭങ്ങളിൽ രാ: ഇ: കർത്താവു ചെയ്തിട്ടുള്ള മനോധർമ്മവിലസിതങ്ങൾ എത്രയും സമീചീനങ്ങളും ഹൃദയംഗമങ്ങളുമായിരിക്കുന്നു. രണ്ടു മൂന്നു പദ്യങ്ങൾകൊണ്ടു താടകയുടെ അത്യന്തം ബീഭത്സമായ ഒരു ചിത്രം പ്രത്യക്ഷപ്പെടുത്താതെ ആ യക്ഷീകഥാഭാഗം നമ്മുടെ കവി ഉപേക്ഷിച്ചിട്ടില്ല. ശ്രീരാമന്റെ അരണ്യപ്രയാണത്താൽ ഖിന്നരായ പുരവാസികൾ കൈകേയിയുടെ കഠിനചിത്തത നിന്ദിതവ്യമെന്നു കണ്ടിട്ട്,

"ക്രൂനീഗിരം കേട്ടു കൈകേയി മാതാ
മാനിച്ചു ചൊല്ലുന്ന വാചാ മഹാത്മാ
ദീനത്വമുൾക്കൊണ്ടു താതാജ്ഞ രാമൻ
മാനിക്കവേണ്ടീല ശ്രീരാമരാമ"

എന്നു പരസ്പരം പറയുന്നു. അനാജ്ഞപ്തമായ താത കാൎയ്യം കൂടി ചെയ്യുന്ന മഹാത്മാവായ ശ്രീരാമൻ ദീനതപ മുരംകൊണ്ടു, വ്യസനകലുഷിതമായ, ഈ താതാജ്ഞ ബഹുമാനിക്കേണ്ടതില്ലായിരുന്നു. [ 'മാനിക്കവേണ്ടീല'— എന്നതിന്, ബഹുമാനിക്കയേ വേണ്ടായിരുന്നു എന്ന് രാമസഹവാസത്തിൽ അവൎക്കുള്ള സ്പൃഹയേയും, ബഹു മാനിച്ചതു കഷ്ടമായിപ്പോയി എന്ന വ്യഥയേയും, ബഹു മാനിക്കത്തക്കതല്ല എന്ന് അപ്രതിഷേധ്യമായ സ്ഥിരാഭി പ്രായത്തേയും ദ്യോതിപ്പിക്കുന്നതായും മററും അൎത്ഥം അവഗമ്യമാകുന്നു ] എന്തെന്നാൽ ആയതു ദ്വിധാ ദോഷ ദുഷ്ടമാണ്; കൈകേയിഅംബയുടെ ഗർവ്വം നിമിത്തം ഉളവായതും, തടിസ്ഥാനം വിരൂപിണിയായ മന്ഥരയുടെ ദുർബുദ്ധിതപരൂഷിതമായ ഉപദേശവുമാണ്. രസം ഇ വിടെ ഇങ്ങനെയാണു നിഷ്പന്നമാകുന്നതു്.

ദണ്ഡകാരണ്യവാസികളായ മുനിമാരുടെ സങ്കട ങ്ങൾ ഇങ്ങനെ പറയുന്നു:—

ഉണ്ണി! രാഘവ! നീയടുത്തടുത്തിങ്ങു പോരുക ബാലക!
കണ്ണൊരിത്തിരയെനിക്കു കാണ വയസ്സനേകമതീതമായ്
എണ്ണുകിൽ ശതമല്ല രാമ! പിടിച്ചു രാക്ഷസഭക്ഷിതം
ഉണ്ണി, ദണ്ഡജിനാദികാണിതു രാമരാമ ഹരേഹരേ.

ഹന്ത! രാക്ഷസകുന്തപാതമദീയദന്തമടന്നുപോയ്
ചിന്തനീയമിതെന്തു രാമ, മദീയവേദനമെന്നിയേ
മന്ഥരാഗമിയായി മാമകഗാത്രമേകനടിക്കയാ—
ലന്തരാളസമാഗമേ ഹരിരാമ........

ദണ്ഡപാണിരിവാത്ര വന്നൊരു രാക്ഷസന്മടിയാതുടൻ
ദണ്ഡുകൊണ്ടു കുമച്ചു നമ്മുടെ കണ്ണുമൊന്നു പൊടിഞ്ഞു
[പോയ്
ചണ്ഡഭാനുകുലാവതംസ! മദീയദണ്ഡമിതിൽപരം
ദണ്ഡതാഡനമെത്ര രാഘവ! രാമരാമഹരേഹരേ.

ഊക്കനാകിയ രാവണന്നൻ പുനരുകക്കൂടെ മുടക്കിനാൻ
വാക്കുകേൾക്കിലതിപ്പൊഴും മമ മൂത്രപാതമുടൻവരും
സാക്ഷി ദൈവമൊഴിഞ്ഞു മററൊരു ഭൃതരില്ല നമുക്കു
[കേൾ
തീക്ക നമ്മുടെ സങ്കടങ്ങളെ രാമരാമഹരേഹരേ.

തങ്ങളുടെ തപഃപ്രഭാവത്തിൻെറ വളരെ അംശം നഷ്ടപ്പെട്ടുപോകുമെന്നു ഭയന്നാണു രാക്ഷസമർദ്ദനത്തിനു പ്രതിക്രിയ ചെയ്യാത്തതു് എന്നു സ്വകീയശക്തിക്കുറി പ്രാസംഗികമായി മഹഷിമാർ പ്രസ്താവിച്ചിട്ടുണ്ടെന്നു വാല്മീകിയിൽ കാണുന്നു. എങ്കിലും, അവരുടെ കഥ ആകപ്പാടെ അനുകമ്പനീയം തന്നെ. ഇവിടത്തെ കഥന രീതികൊണ്ടു കവി ഒരു ഹാസ്യഛായ കൂടി അതിൽ സവ്വത്ര പരത്തിയിരിക്കുന്നു.

അഴകിയ രാവണൻെറ തിരപ്പുറപ്പാടു് ഇതിലും വിശേഷമായിട്ടാണു്. ഒരു വിടപ്രഭുവിൻെറ സവ്വവിധ മായ വങ്കത്തവും ഇവിടെ സമുല്ലസിതമാകുന്നു. സീതാ സന്ദശ്നത്തിനു വേണ്ട പൂവ്വരംഗം വാല്മീകിയും ബഹു ഭംഗിയാക്കുന്നുണ്ടു്. അതിനു് ഒരു പൊലിമ കൂടി കയററു വാൻ മററു ചില വർണ്ണ്യവിഷയങ്ങളും നമ്മുടെ കവി കാണുന്നു.

'ഝടുതിയെഴുന്നേൽക്കെ പൊകെന്നുടൻ മേൽക്കുമേ-
ലലസദ്ധൃതി കേഠംക്കുമാറായി കോലാഹലം.

'വെടി പടഹമദ്ദളം കൊമ്പു താളങ്ങളും
കുടതഴകളാലവട്ടങ്ങളയ്യായിരം
പുടവകഠം ദുക്രലശയ്യാദിമുക്തൌഘവും
നടനട നടത്തിയും നൌമി നാരായണം.

'ഭുവനമെരിയിക്കുമാറിത്തിരി പ്രൌഢികൊ-
ണ്ടുലകിൽ നിശി തിങ്ങുമക്കുരിരുട്ടൊക്കവേ
ദശവദനമാനസേ ചേൻപോൽ കേവലം
പറകിലതിവിസ്മയം നൌമി......

'...    ...    ...    ...    ...
...    ...    ...    ...    ...
സവിധഭുവി നാരദൻ വീണ വായിക്കയും
നവരസദമാട്ടവും നൌമി......

'സരസമപിരാവണോല്ലാസമാം ഗ്രന്ഥവും
കരതളിരിലങ്ങുടൻ വെച്ചുകൊണ്ടന്തികേ
തരളമിഴി സീത കേട്ടീടുമാറാദരാൽ
പൊരുളുബത ചൊല്ലിയും നൌമി......

ഈ എഴുന്നള്ളത്തിന് ഒരു ദേശസംപക്കം ക്രടി കവി വരുത്തിയിരിക്കുന്നു. നാർദൻെറ വീണവായന, 'രാവണായണ' ഗ്രന്ഥപാരായണം, സീത കേഠംക്കുമാറ് അതിൻെറ പൊരുഠം പറയൽ എന്നിവയെല്ലാം കവിയുടെ സ്വന്തവും ഹാസ്യപോഷണാൎത്ഥം കരുതപ്പെട്ട

വയും ആകുന്നു. വിശിഷ്യ, വിളക്കുകളുടെ പ്രകാശത്താൽ നീങ്ങിയ ഇരുട്ടെല്ലാം രാവണൻെറ ഹൃദയത്തിൽ തന്നെ ചെന്നു് ഒളിഞ്ഞുപോയി എന്നു് ഒരു അലങ്കാരപ്രയോഗവും കവി അവിടെച്ചെയ്തിട്ടേ മാറുന്നുള്ളു.

ഇവയിലൊക്കെ ഉപരിയായിട്ടാണു ലങ്കാദഹന സന്ദർഭം കവിക്കു് ഉപകരിച്ചതു്. 'വെടിക്കമ്പ'ത്തിനു 'വഴിത്തിരി' എന്നപോലായിരുന്നുവത്രെ തീ കൊളുത്തിയ ഹനുമാൻെറ വാൽ. അതുമല്ല,

'കീശപ്പെരുമാളു ബാലാഗ്നികൊണ്ടുട-
നാശരാധീശൻമുഖത്തുഴിഞ്ഞാൻ
മീശക്കൊമ്പൊക്കെക്കരിച്ചവനെത്രയും
നാശപ്പെട്ടത്തിനാൻ നാരായണ—'

ഒരു ശരിയായ നീരാജനം അഥവാ, പന്തം ഉഴിയൽ; കൺപേർ പോക്കാനൊ മററൊ ആയിരിക്കാം. പക്ഷെ, മീശക്കൊമ്പുകൾ കരിയത്തക്കവണ്ണം ഉഴിഞ്ഞു കളഞ്ഞുവെന്നേയുള്ളു. ഹാസ്യരസം ഇത്ര നഗ്നമായി മററൊരു കവിയിൽ നിന്നും അവതരിച്ചിട്ടില്ല എന്നു തോന്നുന്നു. ഇതിൽപരം പരിഹാസ്യമായ ഒരു അവസ്ഥ രാവണനു് ഒരിക്കലും ഉണ്ടായിട്ടുമില്ല.

ലങ്ക ദഹിക്കുന്ന രൂപം സ്വല്പമെങ്കിലും നാം കാണേണ്ടതാണു്:—

'തീപ്പിടിപെട്ടിടം തച്ചു പൊലിപ്പാനായ്
രാക്ഷസരോടിയണയുന്നേരം

ആത്തരോഷം ഹനൂമാനോടടികൊണ്ടു-
മാത്തരായ്മണ്ടിയും നാരായണ.

'തുള്ളി മുലച്ചികൾ പിള്ളകളെച്ചെന്നു
തുള്ളിത്തുള്ളിപ്പാഞ്ഞെടുക്കുന്നേരം
വെള്ളപ്പുടവമേൽ തീപിടിപെട്ടുപോയ്
വെള്ളത്തിൽ ചാടിനാർ നാരായണ.

'വെട്ടി മഴുകൊണ്ടു വാതിൽ പൊളിച്ചിട്ടു
പെട്ടികൾ പെട്ടകമൊട്ടെടുത്തും
പട്ടു പുടവകൾ കട്ടു കവൎന്നിട്ടും
ചുട്ടു കരിഞ്ഞുപോയ് നാരായണ.

സിന്ധുരസേനകൾ വെന്തു ചമഞ്ഞിട്ടും
സത്വരം തങ്ങളിൽ വീണടിഞ്ഞും
ബന്ധിതവാജികൾ മന്ദുര തന്നുള്ളിൽ
വെന്തു വിതുൎന്നുപോയ് നാരായണ.

കുംഭകൎണ്ണനുറങ്ങീടും മണിയറ
വെന്തുതുടങ്ങീതങ്ങയ്യോ, പാപം!
കുംഭകൎണ്ണങ്ങളിൽ തീയുതിരുന്നേരം
വമ്പനുണരുമോ നാരായണ.

നാസികയുടെ പട്ടുതീ പിടിപെട്ടു
ദാസികളുള്ളവരെങ്ങുപോയി
കാസാരവെള്ളം മുറിച്ചൊഴുക്കീട്ടവാൻ
നാസാകുഹരത്തിൽ നാരായണ.

മാരി പെയ്യിക്കട്ടെ വാസവനെങ്ങുപോയ്
മാരി പെയ്യിക്കുമോ പാർത്താലവൻ
വാരിധിനാഥനും വാരായിവിടേക്കു
പാരം മനോദോഷി നാരായണ.

* * * * * * *

പൊട്ടു പറയാതെ നാഥൻ ചെവി കേൾക്കിൽ
വെട്ടു കൊള്ളും നിനക്കെന്നറിഞ്ഞോ
വെട്ടുന്ന വാൾക്കു നെയ്യിട്ടുകൊൾകെന്നതേ
മുട്ടുമ്പോൾ ചെയ്യാവൂ നാരായണ.

ലങ്കാദഹനം ഒരു സംഭ്രമജനകമായ കാഴ്ചയായിരിക്കുന്നു. മാരുതിയുടെ അടികൊള്ളുന്ന രാക്ഷസന്മാരുടേയും ഹസ്തിനികളായ രാക്ഷസികളുടേയും പ്രാണരക്ഷാർത്ഥമുള്ള പാച്ചിലും, കെട്ടിടങ്ങൾ വെട്ടിപ്പൊളിക്കലും ആനപ്പടകൾ വെന്തു് ഒന്നു് ഒന്നിൻെറ മീതെ മറിയലും, കെട്ടിയ കുതിരകൾ ലായങ്ങളിൽ നിന്നു വെന്തു വെണ്ണീറാകലും സംത്രാസജനകമാകുന്നു. എന്നാൽ രക്ഷിജനങ്ങളുടെ ബുദ്ധിയാകെപ്പകച്ചുപോകുന്നു കുംഭകർണ്ണനെ ഉണർത്തുന്ന കാര്യത്തിൽ. അതിന്നിടയിൽ അവരെക്കൊണ്ടു അറിയാതെ 'പാരം മനോദോഷി' എന്നു ലോകപീഡകനായ തങ്ങളുടെ നാഥനെ ശപിപ്പിച്ചതും, [വാരിധിനാഥൻ അവിടെച്ചെല്ലാത്തതു രാവണൻെറ പീഡനം നിമിത്തമാകയാൽ ആ സംബോധനം രാവണനെത്തന്നെ ലക്ഷീകരിക്കുന്നതു് ഉചിതമായിരിക്കും.] സീതനിമിത്തമുണ്ടായ ആപത്തായിരിക്കും അതു് എന്നു് അരചനിന്ദനത്തിനു പകരം 'വെട്ടുന്ന വാൾക്കു നെയ്യിട്ടുകൊൾകെന്നതേ

മുട്ടുമ്പോൾ ചെയ്യാവൂ' എന്നു ഗുണദോഷം ചെയ്യിച്ചതും ലോകതത്വജ്ഞനായ ഒരു കവിയാലേ സാധ്യമാകുന്നുള്ളൂ.

ഇതുപോലെ ൧൭-ാംവൃത്തത്തിൽ യുദ്ധസന്നദ്ധരായ രാക്ഷസന്മാരെക്കൊണ്ടും കവി അത്യന്തം സമഞ്ജസമായി അവരുടെ വിരുതുകൾ പറയിക്കുന്നു. ഈ ഭാഗം ഹാസ്യരസംകൊണ്ടു തുളമ്പുന്നു. ഒരു രാക്ഷസൻ കണ്ഠദ്ധ്വനം പിടിച്ചു രാവണനെ 'ഊന്നി'പ്പറഞ്ഞപ്പോൾ അപരനെക്കൊണ്ട് 'മെല്ലവെ പറഞ്ഞിട്ടു ദശാസ്യനറിയുംപോൾ കൊല്ലുമവൻ നമ്മയെന്നതുള്ളിലറിയേണം' എന്നു വീണ്ടും, ഉഗ്രശിക്ഷകൾ ഓർമ്മിപ്പിച്ചു സ്വനാഥനിന്ദനം തടുത്തിരിക്കുന്നു. ഈ ആശയത്തിന് അനുഗുണമായി,

'ക്രോശം നിരനുക്രോശം<br>
പ്രജാനാമഹിതേരതം<br>
രാവണം സർവ്വഭൂതാനാം<br>
സർവ്വലോകഭയാവഹം'

എന്നു (രാവണന്റെ പ്രജാസംതാപനാദികൾ) വാല്മീകിയും അഭിപ്രായപ്പെടുന്നു.

ഇനിയും, യുദ്ധത്തിനു ചെന്ന രാവണൻ ശ്രീരാമനോടു 'ദ്വാ പറഞ്ഞ' കൂട്ടത്തിൽ തന്റെ വിടത്വം കൂടി ഉപന്യസിക്കാതിരിക്കുന്നില്ല. ഇതു സീതാദർശനാവസരം ധാരാളം പ്രയോഗിച്ചു. 'എൻപ്രാഭവം നീ ധരിച്ചീലിതൊന്നും'—ഇത്യാദി പദ്യത്തിൽ 'രംഭാസംഗമം' കൂടി സൂചിതമായതു നോക്കുക.

അഗ്നിപ്രവേശത്തിന സീതാദേവി തയാറാകുന്നത് ഒരു കേരളാംഗനാമണിയെ ഓർമ്മിപ്പിക്കുമാറ് എത്രയും സ്വാരസ്യമായി കവി ചിത്രീകരിക്കുന്നു.

'സരസി കുളിച്ചവരം മാററുമുടത്തു
വിശുദ്ധി വരുത്തിക്കുസുമമിരുത്ത-
ക്കരകമലത്തിൽ നിറച്ചുവരുമ്പോ-
ളുഗണിതമഹിമാ നാരായണജയ.'

ഇങ്ങനെ അനേകം ദൃഷ്ടാന്തങ്ങൾ ഇനിയും ഉദ്ധരിക്കാവുന്നതാണ്.

ഭാഗവതം ഇരുപത്തിനാലുവൃത്തത്തിൽ നിന്നു പ്രകൃതത്തെ അനുഗ്രഹിക്കുന്ന ഏതാനും ഭാഗങ്ങൾ ഉദാഹർത്തവ്യങ്ങളാകുന്നു.

പൂതനാമോക്ഷകഥയിലെ 'മുലപ്പാലൊട്ടു കുടിച്ചു നിൻെറ വിശപ്പു തെല്ലുമടങ്ങിയില്ലേ'—ഇത്യാദി പദ്യം നോക്കുക. ഒൻപതാംവൃത്തത്തിൽ വർണ്ണിതമായ ഗോപികാവിലാപം മറെറാരു ഉദാഹരണമാണ്.

ഭാഗവതത്തിൽ ഈ സന്ദർഭം ഈ വിധത്തിലേ പ്രതിപാദിക്കുന്നുള്ളു:—

'ആയർകോൻ തന്നെത്തിരഞ്ഞു വിപിനത്തി-
ലായവരോരോന്നു ചൊല്ലിക്കരകയും
മാരമാൽ പൂണ്ടു ഭ്രമിച്ചവർ ചോദിച്ചു
കാരണപൂരുഷനെക്കണ്ടുകൊള്ളുവാൻ
വൃക്ഷങ്ങൾ വള്ളി പുഷ്പങ്ങളോടുമഥ
പക്ഷിമൃഗങ്ങളോടൊക്കെയന്വേഷിച്ചു
ചിത്തതാപേന തിരഞ്ഞു നടക്കയും
ചിത്തഭ്രമംകൊണ്ടു ഗോഷ്ഠികൾ കാട്ടിയും

'കൃഷ്ണാകൃതി പൂണ്ടതിൽ ചിലരങ്ങനെ
കൃഷ്ണവിലാസങ്ങളൊക്കെ നടിക്കയും
പൂതനാനിഗ്രഹാദിപ്രഭാവങ്ങളും
ചേതസി മാനിച്ചു നൃത്തം നടിക്കയും'

എന്നു സംക്ഷേപിക്കുന്നു.

ഗുരുദക്ഷിണയ്ക്കു ഞങ്ങൾ എന്തു ചെയ്യണമെന്ന് ഉണർത്തിയ ശ്രീകൃഷ്ണനോടും ബലരാമനോടും—

'ഉണ്ണീ! കേശവ! കേൾ മമ നന്ദന-
നണ്ണവത്തിങ്കൽ വീണു മരിച്ചുപോയ്
ഇന്നവനെ വരുത്തണം നിങ്ങളും,
പത്മനാഭാ വിഭോ പരിപാഹിമാം.'

എന്നു സാന്ദീപനി ആവശ്യപ്പെടുന്നു. ഇതിനു ഭാഗവതത്തിൽ,

'മുന്നം പ്രഭാസതീർത്ഥത്തിൽ കുളിക്കുമ്പോൾ
എന്നുടെ നന്ദനൻ തന്നെ ഞാൻ കണ്ടീല
ഇന്നിഹ കൊണ്ടുവന്നു തന്നിതെന്നാകിലൊ
ഇന്നിതിന്മീതെ മററില്ലിങ്ങൊരനുഗ്രഹം.'

ഇവിടെ 'ഉണ്ണീ, കേശവാ' എന്ന സംബോധനകൾ ശിഷ്യവത്സലനായ ഒരു പുരാതനാചാര്യൻ ഗുരുത്വമുള്ള തന്റെ ശിഷ്യനോടു ചെയ്യുന്നതായി സ്മരിച്ചുപോകുന്നു. എന്നാൽ ഇവ 'ഉണ്ണീ, രാഘവാ' എന്നു ദണ്ഡകാവനമുനിമാർ തങ്ങളുടെ സങ്കടനിവേദനത്തിൽ പ്രയോഗിച്ചതിനേയും സ്മരിപ്പിക്കുന്നു.

സ്വയംവരത്തിനു രാജരംഗം പ്രവേശിച്ച രുക്മിണിയുടെ രൂപസൌന്ദര്യത്തിൽ മതിമറന്ന രാജാക്കന്മാരുടെ

ചാപല്യങ്ങൾ വർണ്ണിക്കുന്ന ഭാഗം മറ്റൊരു ദൃഷ്ടാന്തമാണ്:—

ഭൃത്യനോടന്നേരം താംബൂലം വാങ്ങുവാൻ
ഹസ്തമൊന്നങ്ങോട്ടു നീട്ടിയതും
പിന്നെ മടങ്ങിയില്ലുന്നതനായൊരു
മന്നവവീരനു കൃഷ്ണനംബോ.

ഏണവിലോചന തന്നെയും കണ്ടിട്ടു
പൂണാഞ്ഞ വേദനകൊണ്ടൊരുവൻ
നാണം വെടിഞ്ഞു സമക്ഷത്തു നിന്നിട്ടു
കേണു തുടങ്ങിനാൻ കൃഷ്ണനംബോ.

'ചുണ്ണാമ്പെട്ടത്തങ്ങു തിന്നിട്ടു നാവൊക്കെ
പുണ്ണായിത്തീർന്നിതൊരു നൃപനു
പെണ്ണിനെക്കണ്ടു മയങ്ങീട്ടൊരുവൻ താൻ
ധിണ്ണെന്നു വീഴുന്നു കൃഷ്ണനംബോ.'

ഓശ നടിച്ചങ്ങു ചിക്കിനിരത്തിനാൻ
മീശയും താടിയും മറ്റൊരുവൻ
പേശലമായൊരു പുഞ്ചിരി തൂകിനാ-
നാശപൂണ്ടന്യനും കൃഷ്ണനംബോ.'

ഈ ഘട്ടം ഭാഗവതത്തിൽ,

നല്ലാരിൽമണിമൌലിരുക്മിണി തന്റെ നല്ല-
ചില്ലികൾകൊണ്ടു തല്ലുകൊണ്ടു ഭൂപതിവീരർ
തേരിലുമാനമേലും കുതിരമേലും നിന്നു
പാരാതെ ഭൂമിതന്നിൽ പതിച്ചു വിസ്മയിച്ചാർ

ലോകനായകൻ തന്റെ മായാദേവിയെക്കണ്ടാൽ
ലോകവാസികരം ഭ്രമിക്കുന്നതെന്തൊരു ചിത്രം.'

ഇങ്ങനെ ശൃംഗാരമയമായും ഹാസ്യസമത്ഥമായും സംക്ഷേപമായും, എന്നാൽ ആകപ്പാടെ ഒരു ഗാംഭീയ്യപ്ലുവിപരത്തിയും ആണു് പ്രതിപാദിച്ചിരിക്കുന്നതു്.

രുക്മിണിയെ കിട്ടാഞ്ഞു് 'അണ്ടികളഞ്ഞുള്ളോരണ്ണാനെപ്പോലെ' ഖേദിച്ച ശിശുപാലനെ തോറേറാടിപ്പോയ രാജാക്കന്മാർ സമാധാനപ്പെടുത്തുന്ന ഭാഗം നമ്മുടെ പ്രകൃതത്തിനു പററിയ മറെറാരു ദൃഷ്ടാന്തമാണു്.

'തിണ്ണം വിഷാദമരുതെടോ മന്നവ!
പെണ്ണുങ്ങളല്ലല്ലോ നാമെല്ലാരും
കണ്ണനു കാലം നന്നിപ്പോളിനിമേലിൽ
നന്നാകും നമ്മരംക്കു കൃഷ്ണനംബോ.

'പണ്ടു ദശാനനൻ ജാനകീദേവിയെ-
ക്കൊണ്ടുപോയെന്നതുമുണ്ടു കേളി
കുണ്ഠിതം കൂടാതെ ചെന്നങ്ങവൻ തല
ഖണ്ഡിച്ചു രാഘവൻ കൃ..........'

'കാലം നന്നാകയാൽ കൃഷ്ണൻ ജയിച്ചപ്പോരം
നാളെക്കു നാമും ജയിക്കുമല്ലോ
നീളെയിരിപ്പോന്നല്ലാപത്തുസമ്പത്തു
കാലവശമത്രെ കൃ ..........'

ഇങ്ങനെ വളരെപ്പറഞ്ഞിട്ടും ചേദിപന്് ആധി ശമിച്ചില്ല എന്നു പ്രസ്താവിച്ചിട്ടു്,

ഭാൎയ്യപൊപ്പോയെന്നാലുള്ളോരു ഖേദങ്ങൾ

തീരുമോ വേഗത്തിൽ കൃഷ്ണനംബോ'— എന്നു ഹാ സ്യപൂൎണ്ണമായ ഒരു പാഠവും അരുളുന്നു. ഭാഗവതത്തി ലാകട്ടെ,—

ഇന്നിതു നിരൂപിച്ചു ഖേദിക്ക വേണ്ടാ ഭവാൻ

ദൈവത്തിൻഗതികൊണ്ടുവരുന്നതിവ......

* * * * * *

ഇക്കാലം നമുക്കെല്ലാം ദുഷ്കാലമാകമൂല-

മൊക്കയും നാശമിതു തൽക്കാലം നമുക്കിഹ

വന്നുകൂടീടും നേരം സൎവ്വവും ശുഭമാകും.'

ഇതെല്ലാം കേട്ടു സമാധാനപ്പെട്ടു ശിശുപാലൻ വീൎയ്യം കൈക്കൊണ്ടു' സ്വമന്ദിരം പ്രാപിച്ചു എന്നാണു പ്രസ്താ വിക്കുന്നതു്.

പക്ഷെ, പതിനാറാം വൃത്തത്തിലുള്ള ദ്വാരാ വതീ യാത്രാവൎണ്ണനം തൽകൎത്താവിൻെറ കല്പനാശക്തി ജന്യമാണു്. നരകാസുരനിഗ്രഹത്തിനായി

'പന്നഗശായി കൃഷ്ണൻ ഭാമയോടൊരുമിച്ചു

പന്നഗാരാതികണ്ഠമേറിപ്പോയ് പ്രാഗ്ജ്യോതിഷം

എന്നുള്ള പുരത്തിൻെറ സന്നിധൌ ചെന്നു നിന്നു'

എന്നും, പാരിജാതം സംബന്ധിച്ചു് ഉണ്ടായ കലഹത്തിനു ശേഷം ഇന്ദ്രൻെറ ക്ഷമായാചനവും സ്വീകരിച്ചു മുകുന്ദൻ ഭാമാസമേതം ചെന്നു ഗോപുരം പുക്കു' എന്നും മാത്രമേ ഭാഗവതത്തിൽ കാണുന്നുള്ളു.

ഇനി ഒരു ചെറിയ ഉദാഹരണംകൂടി കാണിച്ച് ഈ ഭാഗം ഉപസംഹരിക്കാം. ശ്രീകൃഷ്ണനും സാലപനും തമ്മിലുണ്ടായ യുദ്ധവൎണ്ണനയാണു സന്ദൎഭം—

'വില്ലുനേരേ മുറിഞ്ഞങ്ങു വീണപ്പോൾ
പല്ലുകാട്ടിത്തുടങ്ങീതു സാലപനം.'—

ഈ ബീഭത്സചിത്രം പരിഹാസമയമായുമിരിക്കുന്നു. എങ്കിലും പ്രകൃതവിഷയം സംബന്ധിച്ച് ഈ കവി ചെയ്തിട്ടുള്ള ശ്രമങ്ങൾ ആകപ്പാടെ നോക്കിയാൽ രാ: ഇ: കൎത്താവിനെ അപേക്ഷിച്ച് അനിപുണങ്ങളായിരിക്കുന്നു എന്നു കാണാം. രുക്മിണിയെ വരിക്കുന്നതിന് എത്തിയ രാജാക്കന്മാരെ കളിയാക്കിയതു നമുക്ക് ഒരു വിനോദനവിഷയമാണെന്നിരുന്നാലും ആയതു് ആ സന്ദൎഭത്തിനുള്ള ഗൌരവത്തെ ഹനിക്കുന്നതാകയാൽ ബാലിശമായി കലാശിക്കുന്നു. 'ലോകനായകൻ തന്റെ മായാദേവിയെക്കണ്ടാൽ'—ഇത്യാദി വാക്യങ്ങൾ അഭിപ്രായഗൎഭമാണല്ലോ. അദ്ദേഹം ഹാസ്യരസവിന്യാസത്തിന് അവസരം നോക്കുന്ന ഒരു സ്വഭാവം ഉള്ളവനാണെന്നും പറയേണ്ടതുണ്ടു്; എന്നാൽ ആയതും രാ: ഇ: അപേക്ഷിച്ച് അതലസ്പൎശമല്ലാതെ കേവലം ബഹിശ്ചരമായിരിക്കുന്നതേയുള്ളുവെന്നും സ്പഷ്ടമാകുന്നു. രാ: ഇ: കൎത്താവിനു തുല്യം പരിമിതമായി ശബ്ദങ്ങൾ പ്രയോഗിച്ചു ഭാവഗഹനത സൂചിപ്പിക്കുന്നതിനു പകരം ഒരു വാവദൂകന്റെ ലക്ഷണവും ഈ കവി ലക്ഷീകരിക്കുന്നു. ശിശുപാലനെ സമാധാനപ്പെടുത്തുന്നതിനു 'പണ്ടു ദശാനനൻ'—എന്നു് ആരംഭിച്ചിരിക്കുന്നതു നോക്കുക.

ഇനി, നമുക്ക് ഈ രണ്ടു കവികളുടേയും കവന സംപ്രദായം സംബന്ധിച്ച് സൂക്ഷ്മമായ ചില വിവരങ്ങൾ ഗ്രഹിക്കേണ്ടതുണ്ടു്. ഒരു സംഗതി വളരെ സംഗ്രഹിച്ചും എന്നാൽ അതിന്റെ മർമ്മഭാഗങ്ങൾ വിശദീകരിച്ചും ചമൽക്കാരം ദീക്ഷിച്ചും നിവേദനം ചെയ്യാൻ രാ: ഇ: കർത്താവു സമർത്ഥനാകുന്നു. ബ്രഹ്മാവു മുതലായവർ വിഷ്ണുവിനോടു സങ്കടം ഉപന്യസിക്കുന്നതു് ഒരു ദൃഷ്ടാന്തമാണു്. അതിന്റെ അവസാനത്തിൽ, 'അല്ലലകററീടുവതിനാശ്രിതജനനാഥാം'—ഇത്യാദി പദ്യം കൊണ്ടു ചെയ്യുന്ന ഉപസംഹാരം ബഹുധാ പ്രശംസനീയമാണു്. തങ്ങളുടെ കാര്യം സാധിതപ്രായം എന്നു വന്നതുമൂലം പ്രവഹിച്ച സന്തോഷതരംഗിണിയുടെ ഒരു വീചിപ്രസരം അങ്ങിനെയാണു (ഈശ്വരസ്തുതിപരമായിട്ടാണു്) പ്രകാശിതമായതു് എന്നു വെയ്ക്കാം. അല്ലെങ്കിൽ, അടുത്ത ഭാവിയിൽ വർണ്ണിക്കപ്പെടുന്ന ശ്രീരാമകഥ, ഒരു വിദ്യുദ്ദർശനംപോലെ, ആകെ പെട്ടെന്നു് ഒന്നു കാട്ടുവാനായിരിക്കാം. മറെറാരു ഉദാഹരണംകൂടി ഉദ്ധരിക്കുന്നു. വിരഹാദികളാൽ കശിതയായ സീതാദേവിക്കു സന്ദേശം അണയ്ക്കുന്നതു് ഇങ്ങനെയാണു്:—

'ജയതു രഘുനായകസ്വാമിനീ'തി ദ്രുതം
തരുവിടപിപഞ്ജരാൽ കാപി സാ വാഗഭൂൽ
കിമിദമിതി കൺമിഴിച്ചത്ര കണ്ടീടിനാൾ
നതമനിലനന്ദനം നൌമി നാരായണം.

'ജനകനൃപനന്ദനേ! രാമദൂതോസ്മി ഞാൻ
കളക ഹൃദി ശോകസന്ധാനമെപ്പോരുമേ

കനകമണിമോതിരം തന്നു രാമാജ്ഞയാ-
ലിവിടെവിടകൊണ്ടു ഞാൻ നൌ......

'മധുരതരഗാത്രിനിന്നാൎയ്യപുത്രന്നുടെ
മദനതുയിർ വാഴ്ത്തുവാൻ വേലയുണ്ടത്രയും
സതി! സകല ലോകനാഥപ്രലാപാദഹോ,
ത്രിജഗദപി ദുഃഖിതം നൌ......'

'സമരഭുവി ബാലിയെക്കൊന്നു സുഗ്രീവന-
ങ്ങരുളിഹരിരാജ്യമങ്ങാത്മസഖ്യാദരം
പരമൊരടയാളവാക്കുണ്ടു ചൊല്ലീട്ടതും
നിശമയ ഹരിപ്രിയേ! നൌ......'

ഈ സന്ദേശം ഏതേതു സംഗതികൾ ആദ്യമാദ്യം പറഞ്ഞാലാണു ശോകപൎയ്യാകുലയായ സീതാദേവിയുടെ താപഭാരം ഒന്നൊന്നായി ഒഴിയും, എന്തെല്ലാം പറഞ്ഞാൽ വിയോഗാനന്തരമുള്ള കഥകളുടെ ഒരു സപ്രത്യപജ്ഞാനം ഉണ്ടാകും, ആ വക മാത്രം തിരഞ്ഞു് അടക്കം ചെയ്തതായി കാണുന്നു. ശ്രീരാമന്റെ അപാരമായ വിരഹപീഡയ്ക്കുകൂടി പ്രാധാന്യം കല്പിച്ചു് ഉപന്യസിച്ചതു്, പതിദേവതമാൎക്കു സഹജമായി ഉണ്ടാകുന്നതു പോലെ സീതയ്ക്കും സ്വജീവിതം തന്റെ ഭൎത്താവിനു് അപരിത്യാജ്യമാംവിധം അനൎഘ്യമാണെന്നറിയുമ്പോൾ ന്യായമായുണ്ടാകുന്ന ആത്മാഭിമാനവും, ഏതു പ്രതിബന്ധങ്ങളേയും ജയിച്ചു കഴിയുന്ന വേഗം തന്നെ വീണ്ടെടുക്കുമെന്നുള്ള ആശ്വാസവും ജനിപ്പിച്ചു് ആ മഹതിയുടെ

മഹാശോകത്തിന്റെ ശമനത്തിന് ഒരു സിദ്ധൌഷധം അരുളണമെന്നു വെച്ചാണ്. വാല്മീകിയും അദ്ധ്യാത്മരാമായണവും സ്വീകരിച്ചിട്ടുള്ള സംപ്രദായത്തെക്കാൾ എത്രയോ മേലേക്കിടയിലാണ് ഇതിന്റെ നിബന്ധനം എന്നു ശങ്കിച്ചു പോകുന്നു.

ഇത്രയും ചമൽകൃതിസമ്പത്തു പൂണ്ട ഒരു ഘട്ടം പാകത സിദ്ധിച്ച കവികളിൽ തന്നെ ദുർല്ലഭം എന്നു വന്നപ്പോൾ ഭാഗവതം ഇരുപത്തിനാലുവൃത്തത്തിന്റെ കഥ പിന്നെപ്പറയണമെന്നില്ല. അതിലെ ദേവകളുടെ സങ്കടപ്രസംഗത്തിൽ ഒരു ചൈതന്യക്കുറവു കാണുന്നു. അവരുടെ സ്തുതി കേട്ടയുടനെ തന്നെ അതിനു പ്രതിവിധി വിധിച്ചിരിക്കുന്നു. വിഷ്ണുവിന്റെ സർവ്വജ്ഞത്വത്തിന് അതു പററിയതു തന്നെയെങ്കിൽ അവരെ അത്രടം നടത്താതേയും മററും സങ്കടം പോക്കാമായിരുന്നു. ലോകരീതിക്കു് ഇണങ്ങുന്ന പ്രയോഗങ്ങളിലെ നമ്മുടെ ഹൃദയം ചെന്നു പററുമാറുള്ളല്ലോ.

ഇതുപോലെ രുക്മിണി അയച്ച ബ്രാഹ്മണന്റെ ദൌത്യം ഭാഗവതത്തിൽ കാണുന്ന ഗൌരവം നിശ്ശേഷം വെടിഞ്ഞു സാമാന്യരുടെ രീതിയിലായിപ്പോയി. ചന്ദനച്ചാറും ചന്ദ്രികയും മററും വിരുദ്ധാനുഭവങ്ങൾ ഉണ്ടാക്കുന്നുവെന്നതു പഴക്കം പററിയ കവിസങ്കേതങ്ങളാണ്. അതെല്ലാം രുക്മിണിയെപ്പോലുള്ള ഒരു ഉൽകൃഷ്ടപാത്രത്തിൽ ആരോപിക്കുന്നതു് ഔചിത്യഹീനതകൊണ്ടാണ്. ശ്രീകൃഷ്ണനെ വരിപ്പാൻ രുക്മിണി കണ്ട ന്യായങ്ങൾ

കൂടി വിസ്മരിച്ചിരിക്കുന്നു. ആകപ്പാടെ ഈ സന്ദേശം അസമർത്ഥമാകുന്നു.

പൊത്തലം തന്നിലേ പേർത്തിട്ടും നിന്നുടെ
കീർത്തികൾ കേട്ടുകേട്ടാസ്ഥയാ രുക്മിണി
കൂർത്തുമൂർത്തുള്ള മാരാസ്ത്രമേററനപാഹ-
മാർത്തി തേടുന്നഹോ പത്മനാഭ, വിഭോ!

സന്തതം താപശാന്തിക്കു തൻതോഴിമാർ
ചന്ദനച്ചാറുടൻ കോരിയാട്ടുംവിധൌ
എന്തഹോ തീ ചൊരിയുന്നു മേലൊക്കെയെ-
ന്നന്തരാ ചൊല്ലുവോൾ പത്മനാഭ, വിഭോ!

'മന്ദവായുക്കളെങ്ങാനുമേററീടിനാൽ
നിന്നനില്പിന്നു മൂർഛിച്ചു വീണീടുമേ
ചന്ദ്രനും വഹ്നിയും ഭേദമില്ലൊട്ടുമേ
സുന്ദരാംഗിക്കഹോ പത്മനാഭ, വിഭോ!

ചെന്നൊഴും കോകിലം ചെററുകൂകുംവിധൌ
പ്രാണസഞ്ചാരമാകുന്നവൾക്കപ്പൊഴേ
കാണിനേരം മലർക്കാവിൽ നിന്നീടിനാൽ
വീണുമോഹിച്ചുപോം പത്മനാഭ, വിഭോ!'—ഇങ്ങ
നെ തുടരുന്നു:—

സംഭാഷണവിധാനത്തിലും ഈ രണ്ടു കവികൾ തമ്മിൽ തുലനം ചെയ്യാവുന്നതാണ്. സംക്ഷിപ്തവും

ഊർജ്ജസ്വലവുമായ ഒട്ടേറെ ദൃഷ്ടാന്തങ്ങൾ ഈ വിഷയത്തിനു രാമായണം ഇരുപത്തിനാലുവൃത്തത്തിൽനിന്ന് ഉദ്ധരിക്കാവുന്നതാണ്. ചിലതു മുമ്പു നാം കാണുകയും ചെയ്തു. മൂന്നാംവൃത്തത്തിൽ ദശരഥനും വിശ്വാമിത്രനും തമ്മിലുണ്ടായ സംഭാഷണം പ്രകൃതത്തിനു വളരെ യോജിച്ചതാണ്. വേറൊന്ന് ഉന്നയിക്കാം. സന്ദേശം നൽകിയ ശേഷം സീതയും ഹനുമാനും തമ്മിൽ നടന്ന സംഭാഷണമാണു പ്രകൃതം:—

'കപിവരശിരോമണേ! നീ ചിരംജീവ,യെൻ-
പതിയെ വിരവോടു വന്നീടുവാൻ ചൊല്ലു നീ
ഒരുദിനമെനിക്കു കണ്ടിട്ടു മൽപ്രാണനെ-
പ്പരഗതി വരുത്തുവാൻ നൌമി നാരായണം.

'ദശരഥസുതപ്രിയേ! ഖേദിയായ്കേതുമേ
വിരവിനൊടൊരാഴ്ചവട്ടത്തിലിങ്ങോട്ടു ഞാൻ
മധുരമൊഴി, കാന്തനെക്കൊണ്ടുവന്നീടുവൻ
ചരണതളിരാണകേൾ നൌ......

'രജനിചരവീരനെത്തൽപ്പടച്ചാർത്തയും
രഘുവരശരാഗ്നിതന്നിൽ പൊരിച്ചഞ്ജസാ
ഭവതിയെ രഘൂത്തമൻ ചേർത്തിതില്ലെങ്കില-
പ്പവനസുതനനല്ല ഞാൻ നൌ......'

ഇതിലെ 'അപ്പവനസുതനല്ല ഞാൻ' എന്ന പ്രയോഗം ഈ സന്ദേശം കേട്ട സീതാദേവിക്ക് തീർച്ചയായും

വലുതായ ആശ്വാസം അപ്പോൾമുതൽക്കുതന്നെ സിദ്ധവൽക്കരിക്കുതക്കവണ്ണം സമൎത്ഥമാകുന്നു. വിശിഷ്യ, ഇതു് മലയാളശൈലിയോടുള്ള നല്ല പരിചയത്തേയും സ്പഷ്ടമാക്കുന്നുണ്ടല്ലൊ.

ഗോപികളും യശോദയും തമ്മിൽ ശ്രീകൃഷ്ണന്റെ ഗോരസചോരണം അധികരിച്ചു ചെയ്യ സംഭാഷണം ഭാഗവതം ഇരുപത്തിനാലുവൃത്തത്തിൽ അഭംഗികൂടാതെ നിൎവ്വഹിച്ചിരിക്കുന്നു. വസുദേവരും നന്ദഗോപനും തമ്മിൽ പൂതനാനിധനത്തിനു മുമ്പു നടത്തിയ സംഭാഷണവും ഗോപസ്ത്രീകൾ തങ്ങളുടെ വസ്ത്രങ്ങൾ മടക്കിക്കിട്ടുവാൻ ശ്രീകൃഷ്ണനോടു പറയുന്ന ഭാഗവും പ്രകൃതിക്കു് ഇണങ്ങുന്ന വിധമാകുന്നു. എങ്കിലും പാകത ഇനിയും കുറേക്കൂടി ഉണ്ടാകേണ്ടതാണു് എന്നു തോന്നാതിരിക്കുന്നുമില്ല.

രാമായണം ഇരുപത്തിനാലുവൃത്തത്തിലുള്ള അനേകം അൎത്ഥഗൎഭങ്ങളായ പ്രയോഗങ്ങൾ ഈ സന്ദൎഭത്തിൽ സ്മൎത്തവ്യമാകുന്നു. പരശുരാമനെ 'ചോരവെള്ളപ്പെരും പുഴയിൽ നീരാടിയ മുനിപ്പെരുമാൾ' എന്നു വിശിഷ്ടനാക്കിയിരിക്കുന്നു. രാക്ഷസന്മാരെ ഹനുമാൻ സംബോധനം ചെയ്യുന്നതു് 'ആനക്കൊമ്പന്മാരേ, രാക്ഷസരേ,' എന്നാണു്. വെറും കൊമ്പന്മാർ—കൊമ്പത്തിരിക്കുന്നവർ, പൊങ്ങച്ചം ഭാവിക്കുന്നവർ, എന്നു പറഞ്ഞാൽ പോരാഞ്ഞിട്ടു് ഉയൎച്ച ഇനിയും അധികമാകുവാനെന്നവണ്ണം 'ആന'യെക്കൂടി അതിന്മീതെ സ്മരിച്ചു. ഇനി

മറെറാരു പ്രയോഗം നോക്കാം: ‘ബന്ധിതവാജികൾ മന്ദുരതന്നുള്ളിൽ വെന്തു വിതുൎന്നുപോയ്’—കുതിരകൾ നിന്ന നിലയ്ക്കു വെന്തു എന്നു പറഞ്ഞാലായില്ല. സന്ദൎഭം തന്നെ ഹനുമാൻ ലങ്കയിൽ പൊട്ടിക്കുന്ന ‘വെടിക്കമ്പ’ ത്തിന്റേതാണു്. ആകയാൽ ‘വിതുൎന്ന’ എന്ന പ്രയോഗം എത്രയും ഹൃദയംഗമമായിരിക്കുന്നു. നിലാത്തിരികൾ കത്തി ചെറിയ ചെറിയ കട്ടയായി അടന്നു് ഇറുന്നു വീഴും പോലെ ആ ജന്തുക്കളുടെ ഉടലുകൾ ഉരുകി അഗ്നിമയ ഖണ്ഡങ്ങളായി ഉതിൎന്നുതിൎന്നു നിലംപതിച്ചു ചാമ്പലായിപ്പോയി എന്നാണു സമൎത്ഥിച്ചിരിക്കുന്നതു്. ആ പ്രചണ്ഡബഹളത്തിനിടയിൽ അവയെ രക്ഷിപ്പാൻ ഓൎമ്മ ഒരുവക്കും ഉണ്ടായില്ല; അത്രകണ്ടു സംഭ്രമജനകവും അരാജകത്വസംപൂൎണ്ണവുമായിരുന്ന ലങ്കാദഹനം എന്നൊക്കെയുള്ള അൎത്ഥങ്ങൾ ഈ ഏകശബ്ദം ധ്വനിപ്പിക്കുന്നു.

ഇനി പ്രകൃതവിഷയത്തിന്റെ ഈ മുഖം വിടാതെ അതിനോടു് അനുബന്ധമുള്ള മററു പ്രഗോഗരീതികളും ഉദാഹരിക്കാം. നിശ്ചിതമായ അൎത്ഥം തദനുസരണങ്ങളായ ശബ്ദങ്ങൾ തന്നെ പ്രകാശിപ്പിക്കുന്നു എന്നതാണു് പ്രസ്തുതം. ഖരന്റെ പടപുറപ്പാടു വൎണ്ണിക്കുന്ന വിധം നോക്കുക:—

‘തുരംഗതുംഗകണ്ഠബദ്ധകിങ്കിണീഘണംഘണ-
ധ്വനിപ്രതിധ്വനിപ്രഘോഷിതാംബരം നിരന്തരം
മദം മുഴുത്തുയൎന്ന ഹസ്തിവൃന്ദബദ്ധശൃംഖലാ-
ഝലജ്ഝലച്പ്രഘോഷിതം മുകുന്ദരാമപാഹിമാം.’

സീതാദർശനോത്സുകനായ രാവണന്റെ പുറപ്പാടിലെ കോലാഹലം അന്യത്ര ദർശിതമായിട്ടുണ്ടു്. രാമരാവണസൈന്യങ്ങളുടെ കൂട്ടിമുട്ടൽ എങ്ങിനെ പ്രത്യക്ഷമാക്കുന്നു എന്നും നോക്കേണ്ടതാണു്:—

'ധിംധിലമിതെന്നു വരചഞ്ചലയിളക്കം
കുംഭിവരരാജിരഥപംക്തികളൊടൊപ്പം
ഹുംകൃതി തുടർന്നു കവിവീരരുമണഞ്ഞു
സംപ്രതി മുതിർന്നു സമരായ ഹരിരാമ.'

കപികൾ സിന്ധുവിൽ പർവ്വതങ്ങൾ 'ധുന്ധുന്നെന്നങ്ങിട്ടു' എന്നു പറയുന്നു.

13447.

'ശങ്കാഹീനം തല പത്തും മൂന്നാളകം
ലങ്കേശ! മൂളിപ്പൻ നാരായണ.'

'മൂളിക്ക' എന്നതു പൂർവ്വകാലത്തെ 'കവിണ്ണി'യേറിൽ നിന്നു ലഭിച്ച ഒരു ശൈലിയായിരിക്കാം. ശ്രീരാമന്റെ അമ്പു് രാവണന്റെ കണ്ഠത്തിൽ 'തിണ്ണെന്നു' കൊണ്ടു എന്നു പ്രയോഗിച്ചിരിക്കുന്നു.

മേൽ കണ്ട വിശിഷ്ടമായ ഒരു കവനസമ്പ്രദായം ഭാഗവതം ഇരുപത്തിനാലുവൃത്തത്തിൽ അത്ര സുലഭമായി സ്വീകരിച്ചു കാണുന്നില്ല. സാമാന്യമായിപ്പറയുമ്പോൾ ഭാഗവതകഥാകഥനം ആദ്യന്തം ഒരേ അച്ചിൽ വാർത്തിട്ടുള്ളതുപോലെയാണു് അനുഭവപ്പെടുന്നതു്. എങ്കിലും ചില ഭാഗങ്ങളിൽ ആ രീതിക്കു ഭേദമില്ലെന്നു പറയാവുന്നതുമല്ല. സമർത്ഥങ്ങളായ ചില പ്രയോഗങ്ങൾ ചുവടെ

ചേക്കാം:—'ധിണ്ണെന്നു വീഴുക', 'സായകം ധൂളിക്കുട നിൻതല.'

'കൈയ്യായിരം തന്നാതെന്തിന്നു നാഥ!
കയ്യാല വെപ്പാനെളുപ്പത്തിനോ താൻ;'

ഏവംവിധ പ്രയോഗങ്ങൾ ഇനിയും നോക്കാവുന്ന താണു്.

സുകുമാരഭാഗങ്ങൾ സുകുമാരപദാവലികൊണ്ടു വണ്ണിക്കാൻ രണ്ടു കവികളും ഉദ്യമിച്ചിട്ടുണ്ടു്:—

ശ്രീരാമന്റെ ശിശുത്വം:—

'കമലദലലോചനവുമമലകരപാദതല-
മസകലകലാക്ഷരമൊടരുളിനൊരു ഗീരുകളും
അതിവിശദദന്തരുചി മൃദുഹസിതമാനനവു-
മകതളിരിലാക മമ പരമരഘുനാഥജയ.'

എന്നു രാമായണം ഇരുപത്തിനാലുവൃത്തത്തിലും,

ശ്രീകൃഷ്ണന്റെ ശിശുത്വം:—

'നളിനദളചാരുരുചി കലരുമൊരു ലോചനവു-
മരിദരഗദാംബുരുഹ പരിലസിതബാഹുതലം
നവജലദപാളിയൊടു പിശകിനൊരു രൂപമൊടു
വിലസി പുരുഷോത്തമനമലയദുനാഥജയ.'

എന്നു് ഇതരഗ്രന്ഥത്തിലും വണ്ണിച്ചിരിക്കുന്നു.

ഈ രണ്ടു കവികളുടേയും കവനകമ്മത്തിന്റെ മാററിവാനും സ്വഭാവഗുണം അറിവാനും ഈ പദ്യം ഒരു ശരിയായ ശാണോപലം കൂടിയാകുന്നു. രണ്ടാമത്തെ

പദ്യം അദ്യത്തേതിൻെറ കരുവിൽ തന്നെ പിടിക്കാൻ ശ്രമിച്ചിട്ട്, ക്ഷീണമോ സ്വാച്ഛന്ദ്യമോ കാണിച്ചതായും അതിൽ വൎണ്ണിതമായ വസ്തുവോടു കവിക്കു ബന്ധമൊന്നു മില്ലാത്ത മട്ടിൽ സ്വതന്ത്രമായിപ്പെരുമാറിയതായും ഊഹിക്കത്തക്കതാകുന്നു.

ചിത്രനിൎമ്മിതവിഷയത്തിൽ രണ്ടുപേരും മേൽ കണ്ടപോലെ ചെയ്തിട്ടുള്ള ശ്രമങ്ങൾ എത്രയ്ക്കു വിജയവത്തുക്കളായി എന്ന് ഇനിയും ഒന്നു രണ്ട് ഉദാഹരണങ്ങൾകൊണ്ടു വിശദമാക്കാൻ ഈ സന്ദൎഭം ഉപയോഗിക്കാം. ഒരു പാത്രത്തിനെസ്സംബന്ധിച്ചാകുമ്പോൾ ആകൃതിയിലുള്ള ചില വൈശിഷ്ട്യങ്ങൾക്കൊ, ഏതെങ്കിലും അനുഭാവങ്ങൾക്കൊ പ്രാധാന്യം നൽകിയും ഈ രണ്ടുവിധങ്ങൾ തമ്മിൽ കലൎത്തിയും, ഒരു സംഭവമാകുംപോൾ അതിൽ പെട്ട ചില കൎമ്മങ്ങൾക്കു പ്രാമാണ്യം കല്പിച്ചും നഗരം മുതലായ വസ്തുക്കൾ അനേകം പ്രധാനസംഗതികൾ സ്പൎശിച്ചും ആണല്ലൊ കവികൾ സാധാരണ ചിത്രങ്ങൾ നിൎമ്മിക്കാറുള്ളത്. രാമായണം ഇരുപത്തിനാലുവൃത്തത്തിൻെറ കൎത്താവ് ഈ മാൎഗ്ഗങ്ങൾക്കെല്ലാം ഉദാഹരണം നമുക്കു നൽകുന്നു. താടകയുടെ രൂപം ആദ്യം പറഞ്ഞ ഇനത്തിൽ പെടുന്നു. അതുപോലെതന്നെ രാക്ഷസരൂപവൎണ്ണനവും:

'ആൎത്ത തലയും വലിയ കൊഴുവുപോലെ നാവും
മൂൎത്ത മഴുപോലെ ചില പല്ലുകൾ കടിച്ചും
കൃത്തനഖരേണതനുകീറിപ്പിളൎന്നിട്ടും
മൂൎത്തികളെക്കണ്ടു ഭയമേറി ഹരിരാമ.'

രണ്ടു രീതിയും ഇടകലൎന്ന ഒരു ചിത്രം:—

'ഖരസ്യ ത്രസ്യ കണ്ഠവും മുറിച്ചു വിശപനായകൻ
പരമ്പുരത്തിലാക്കിനാൻ സുഖിച്ചിരുപ്പതിന്നുതാൻ
സുരപ്രമുക്തപുഷ്പവൃഷ്ടിയേററ യുദ്ധഭൂമിയിൽ
ധനുസ്സുമൂന്നി നിന്ന രാമചന്ദ്രരാമപാഹിമാം.'

അനുഭാവപ്രധാനമായ ചിത്രത്തിന്:—

'പുരത്രയത്തെപ്പൊരിച്ച മമ പരമഗുരു പുരഹരൻെറ
കലവില്ലിനെയൊടിച്ച നിൻെറ കരമൊടിപ്പനിതിപ്ര-
[ഗത്ഭം
പറഞ്ഞടുത്ത മുനിവരൻെറ കനൽക്കണ്ണുകൾ മിഴിച്ചു
[കണ്ടു
ഭയപ്പെട്ടോടി പടജ്ജനങ്ങൾ രാമരഘുനാഥജയ.'

ഭാഗവതം ഇരുപത്തിനാലുവൃത്തത്തിൽ പൂതനയുടെ ഒരു സാമാന്യ ചിത്രം നാം ദൎശിക്കുന്നു. എന്നാൽ ബലരാമൻെറ കൂടെയുള്ള സ്ത്രീകളെ ഭയപ്പെടുത്തിയ വിവിദനെ വ്യക്തമായി കവി ചിത്രീകരിക്കുന്നു:—

'പൃഷ്ഠം കാട്ടിയുമോടിയടുത്തും
വട്ടക്കണ്ണു തുറിച്ചു മിഴിച്ചും
പെട്ടെന്നവരെപ്പേടിപ്പിച്ചാൻ
ദുഷ്ടൻ വിവിദൻ നാരായണജയ.'

മുമ്പു കാണിച്ച സാലചിത്രം ഇവിടേയും സ്മരണീയമാകുന്നു. താഴെക്കാണുന്ന ബാണൻെറ നിലയും നോക്കേണ്ടതുതന്നെ.

'മുമ്പിൽ കടന്നങ്ങു നിന്നിട്ടു കൃഷ്ണൻ
അമ്പോടു ബാഹുക്കരം ഖണ്ഡിച്ചനേരം
കൊമ്പിട്ട വൃക്ഷം കണക്കെച്ചമഞ്ഞു
വമ്പിച്ച ബാണൻ ഹരേ കൃഷ്ണ കൃഷ്ണ.'

സേതുവിന്റെ ബന്ധനകർമ്മം നമ്മുടെ സമക്ഷം അവതരിപ്പിക്കുന്നതു് ഒരു ചിത്രരൂപേണയാണു്. ആ ഭാഗത്തുള്ള ഒരു പദ്യം ഉദ്ധരിക്കാം:

'നീളത്തിൽ ചിലർ ചരടു പിടിച്ചും
നീളക്കതിചന കററി തറച്ചും
വാലതുകൊണ്ടേ മലകരം മറിച്ചും
നാലു ദിഗന്തേ നാരായണജയ.'

കിണററിൽ നിന്നു നൃഗനെ കെട്ടിപ്പൊക്കിയതായി ഭാഗവതം ഇരുപത്തിനാലുവൃത്തത്തിൽ വർണ്ണിക്കുന്നു. ഗോപാലന്മാർ ചേൎന്നു് അതിനുവേണ്ടിപ്പണിപ്പെടുന്ന ഒരു കാഴ്ച നമുക്കു താഴെ കൊടുക്കുന്ന പദ്യം വഴി കാണാവുന്നതാണു്.

'ഉള്ളമഴിഞ്ഞു കരേറവുവതിന്നായ്
വള്ളികരം വളരെക്കെട്ടിമുറുക്കി
എല്ലാവരുമവരൊത്തു പിടിച്ചി-
ട്ടില്ലൊരിളക്കം നാരായണജയ.'

ഇപ്പോരം രണ്ടു ഗ്രന്ഥങ്ങളിലേയും രചനയിലുള്ള ചില വിശേഷവിധികരം നാം ഒരുവിധം ഗ്രഹിച്ചു. ഇനി ചില സാമാന്യഗുണങ്ങരം കൂടി ഇവിടെ സംഗ്രഹിക്കാം.

രണ്ടു കവികളുടേയും രചനാപ്രണാളി സരളമാണെന്നു പറഞ്ഞാൽ അതു യഥാർത്ഥ കഥനമാകുന്നു. വിശേഷിച്ച് ഇവർ ഭാഷാശൈലികൾ വേണ്ടുവോളം വശമായിട്ടുള്ളവരുമാണ് എന്നുകൂടി പറയേണ്ടതുണ്ട്. എന്നാൽ സരളപ്രയോഗം, ശൈലിനിശ്ചയം എന്ന ഈ രണ്ടു വിഷയങ്ങളിൽ രാമായണം ഇരുപത്തിനാലുവൃത്തം പ്രകടമാക്കീട്ടുള്ള പരിചയസമ്പത്തും പ്രയോഗസാമർത്ഥ്യവും അത്ഭുതകരമാണെന്നും, തത്തുല്യഗ്രന്ഥങ്ങൾ ഭാഷയിൽ അത്രയധികമില്ലെന്നും പ്രസ്താവയോഗ്യമാണ്. നേയാർത്ഥം, ച്യുതസംസ്കാരം, അസ്പഷ്ടത മുതലായ ചില കാവ്യദോഷങ്ങൾ ഈ കൃതിയിൽ അങ്ങിങ്ങു ചിലതു കാണാതിരുന്നിട്ടില്ല എന്നതും ഇവിടെ വിസ്മരിക്കുന്നില്ല. ഭാഗവതം ഇരുപത്തിനാലുവൃത്തത്തിൽ നിന്നു പ്രക്രമഭാഗത്തിന് ഒരു പദ്യം ഉദ്ധരിക്കുന്നു:—

'മാധവനവൾതന്നുടെയുള്ളിലും
ആധികംസമഹീപന്റെയുള്ളിലും
സാധുലോകങ്ങൾതന്നുള്ളിൽ മോദവും
ബാധ കൂടാതെ വർദ്ധിച്ചു ഗോവിന്ദ.'

വീണ്ടും, രാമായണം ഇരുപത്തിനാലുവൃത്തം ആദ്യന്തം അലങ്കാരഭരിതമായ ഭാഷയിൽ ഗ്രഥിച്ചിരിക്കുന്നു എന്നതിൽ അതിശയോക്തിപ്രസരം അധികമായിട്ടില്ല. 'മണിപ്രവാളജീവിതം വ്യംഗ്യം' എന്ന സിദ്ധാന്തം അനുസ്മരിപ്പിക്കുമാറു വ്യംഗ്യപ്രധാനങ്ങളായ പ്രയോഗങ്ങളും ഇതിൽനിന്ന് ഉദ്ധരിക്കാവുന്നതാണ്. ഇതിന്റെ പ്രണേതാവ് ശബ്ദശക്തി നല്ലപോലെ അറിയുന്ന ഒരു

കവിയാകയാൽ അദ്ദേഹത്തിൻെറ സംബോധനകൾ, വിശേഷണങ്ങൾ മുതലായവപോലും അനപത്ഥങ്ങളായിരിക്കുന്നു. ചില ഉദാഹരണങ്ങൾ ഇനിയും ഉദ്ധരിച്ചു് ഈ ഭാഗം അല്പംകൂടി വിശദമാക്കാൻ ശ്രമിക്കാം.

'കൊടുംക്രൂരേ! പാപി! മമ കൈകേയി, നിൻ
കൊടുവചനത്താലുടനേ ഞാൻ
യമപുരി പുക്കിട്ടിരിക്കുമെന്നതു-
മറിക ദയിതേ! നീ ഹരിനംബോ.'

ഇവിടെ 'ദയിതേ' എന്ന സംബോധനം എത്ര അഭിപ്രായഗർഭമായിരിക്കുന്നു എന്നു നോക്കുക. കൈകേയിയെ നോക്കുമ്പോൾ ദശരഥൻ ദയിതാജിതനായ ഒരു ഭത്താവു് ആണു്.

'അച്ചിതാ തസ്യ കൌസല്യാ
പ്രിയാ കേകയവംശജാ'

എന്ന കാളിദാസവചനം ഈ യാഥാത്ഥ്യം വ്യക്തമാക്കുന്നു. ആകയാൽ തൻെറ സകല വാത്സല്യത്തിനും പാത്രമായവളെ! എന്നാണു്, വെറും 'ഭായ്യ്' എന്നു മാത്രം ഉദ്ദേശിച്ചല്ല, സംബോധനം കൃതമായിട്ടുള്ളതു്. അത്രയും സ്നേഹമുള്ള താൻ അവക്കു നഷ്ടമായിപ്പോകും; അതു് അവക്കും ദുസ്സഹമാകയാൽ അവരുടെ ഘോരമായ ദുരാശാവേശത്തിൽ നിന്നു വിരമിക്കണം എന്നാണു ദശരഥൻെറ പ്രാത്ഥനയുടെ സാരം. ഇനി വിശേഷണങ്ങളിൽ തന്നെ ഒരു വിശേഷവിധിയായി, സമാസരൂപത്തിൽ വിചിത്രാത്ഥസിദ്ധങ്ങളായിച്ചെയ്തിട്ടുള്ള ചില പ്രയോഗങ്ങൾ കൂടി നോക്കുക: 'നാലുദധിവസനയാകും

ഭൂപതികരംമണിമകുടമാലകൊണ്ടു പരിലസിതപദകമലയുഗള!' എന്നതു് അത്തരം ഒരു സംബോധനമാണു്. 'നാലു നിജ ചെറിയ ചില ബാലകരിലിയലിനൊരു ലീലകളിൽ മുദിതനരപാലമണി'—എന്നും, 'തലമുടി പിടിച്ചഴിച്ചുഗ്രരാത്രിഞ്ചരാവലി ഝടുതി കൊണ്ടുപോകുന്നോരു നാകാംഗനാ കലുഷതയിൽ ദീർഘനിശ്വാസകോഷ്ണാന്തരം ഗൃഹതതിയിൽ'—എന്നും യഥാക്രമം ദശരഥനും ലങ്കയിലുള്ള ഗൃഹതതിക്കും ചെയ്തിരിക്കുന്ന വിശേഷണങ്ങളും ഇവിടെ ഉദാഹരണയോഗ്യങ്ങളാകുന്നു.

'നിന്നോടു കൂടീട്ടു പോരുന്നു ഞാനും എന്നാൾ മനോജ്ഞാംഗി'—എന്നതിലെ ക്രിയാപദലോപവും, 'രാമാനനം കാണ്കിലേവൎക്കു ചിത്തം ശൈഥില്യമാകാത്തു?' എന്ന ആലംകാരികപ്രശ്നസംപ്രദായവും ഇതിലെ ചില മാതൃകാപ്രയോഗങ്ങളാകുന്നു.

അടുത്ത വിഷയം ഈ രണ്ടു കൃതികളിലും സുലഭമായിക്കാണുന്ന ലോകോക്തികളിലും ഉപദേശങ്ങളിലും നാം ശ്രദ്ധ പതിപ്പിക്കണമെന്നതാണു്. തൽകൎത്താക്കന്മാർ അസാമാന്യന്മാർ ആണെന്നു് ഈ ഭാഗം വ്യക്തമാക്കുന്നുണ്ടല്ലൊ. രാമായണം ഇരുപത്തിനാലുവൃത്തത്തിൽ ഈ തത്വശകലങ്ങൾ ദൃഷ്ടാന്തങ്ങളായും അൎത്ഥാന്തരന്യാസങ്ങളായും സന്ദൎഭപ്രസവങ്ങളായ ധൎമ്മപാഠങ്ങളായും മററും പ്രയുക്തമായിരിക്കുന്നു. ഭൎത്തൃവിരഹം നിമിത്തമുള്ള ദുഃഖം രാവണന്റെ നിൎമ്മൎയ്യാദമായ അപേക്ഷകൾകൊണ്ടു് ഇരട്ടിച്ചു് സീതാദേവി അത്യന്തം വിഷമാവസ്ഥയിൽ പെട്ടതു സംബന്ധിച്ചു് കവി ഇങ്ങനെ ആ സന്ദൎഭത്തിനു യുക്തമായ ഒരു ധൎമ്മചിന്ത ചെയ്യുന്നു.

'ഉരുവിഷയതൃഷ്ണയുണ്ടാകിലിദ്ദേഹിനാം
വരുമുടനടൻ വിപത്തെന്നു മന്യേതരാം
കനകമൃഗതൃഷ്ണയാ വന്നു വിപദീദൃശീ
മതി മതി സുഖാഗ്രഹം നൌമി നാരായണം.'

വരുണൻ തൻെറ ജാഡ്യം ക്ഷമിക്കണമെന്നു് അപേക്ഷിക്കുന്നതു് ഇങ്ങനെയാണു്:—

'മായാമോഹിതമതിജനമുണ്ടോ
തവ മഹിമാനമറിഞ്ഞീടുന്നു.
സ്വപ്നാനുഭവിക്കറിയാമൊ നിജ
പൂർവ്വശരീരം നാരായണജയ.'

ഇവ രണ്ടും 'ദൃഷ്ടാന്ത'ത്തിൻെറ ദൃഷ്ടാന്തങ്ങളാക്കാവുന്നതാണു്. ദുർവ്വാസസ്സിൻെറ കോപസംരംഭം കണ്ടതിൽ ലക്ഷ്മണൻ,

'കാമാദിമതാം കോപമശക്യം മുനിമാക്കും
സാമാന്യമടക്കാൻ പണിയുണ്ടെന്നുമറിഞ്ഞു'

എന്നും, ജടായുസ്സിൻെറ പരഗതി കഥനം തുടന്നു്:—

'ഭ്രമിച്ചുമത്ഥപുത്രരിൽ സുഖിച്ചു മംഗനാഗൃഹേ
മരിച്ചപോലെ രാത്രിയിൽ തനിച്ചു വീണുറങ്ങിയും
കഴിച്ചുപോകുമെത്രകാലമാദിനാഥ,ദേഹിനാം
ഭജിച്ചുകൂട നിമ്പദം മുകുന്ദരാമപാഹിമാം'—

എന്നും ഉള്ള ധമ്മതത്വങ്ങൾ സന്ദർഭാനുസാരം ചെയ്ത ഉപദേശങ്ങളാകുന്നു.

ഭാഗവതം ഇരുപത്തിനാലുവൃത്തത്തിൽ ശിശുപാലൻെറ പശ്ചാത്താപപ്രസ്താവാവസരം, 'ഭാര്യ പൊയ്പ്പോയെന്നാലുള്ളൊരു ഖേദങ്ങൾ'—ഇത്യാദി മുൻ ഉദ്ധരിച്ച സാരവാക്യം ആ സന്ദർഭത്തിനു പററിയതാണു്.

ഇങ്ങനെ ഈ കവികളുടെ രചനാമുഖങ്ങളിൽ ചില തെല്ലാം നാം ഒന്നു സ്പർശിച്ചു കഴിഞ്ഞു.

ഇനി പാത്രനിർമ്മിതിവിഷയകമായി സാമാന്യം ഒരു ചിന്ത കരണീയമായിരിക്കുന്നു. പാത്രങ്ങളെല്ലാം പുരാണ പ്രസിദ്ധങ്ങളാകയാൽ തദപർണ്ണനാനുരോധേന മിക്കവാറും ഇവിടേയും രൂപീകൃതങ്ങളായിട്ടുള്ളു എന്ന് ഊഹിക്കാവുന്നതാണ്. എങ്കിലും, അവിടവിടെക്കണ്ടു ചില ഭേദപ്രതീതികൾ മാത്രം ഇവിടെ ഉദ്ധരിക്കേണ്ടതായിട്ടുമുണ്ട്. വനയാത്രയ്ക്കു ഭാവിച്ച ശ്രീരാമൻ 'ചാരുസ്മിതം തൂകി വന്ദിച്ചുപോയി'—എന്നതും, 'വാമാക്ഷി, സീതാ ജനിപ്പിച്ചു കണ്ണീർ'—എന്നതും, ദുർവ്വാക്കുകൾ പറഞ്ഞ രാവണനോടു ലക്ഷ്മണനെക്കൊണ്ടു് ഉത്തരം പറയിച്ചതും, രാവണനെ വധിക്കുന്ന ഘട്ടത്തിൽക്കൂടി,

'ധന്യാ! ദശഗ്രീവ! തന്നീടു സീതേ,
തന്നാലെനിക്കില്ല നിന്നോടു വൈരം;
കൊന്നീടുവൻ ഞാനതല്ലായ്കിലിപ്പോ-
ളെന്നിങ്ങനെ ചൊല്ലി ശ്രീരാമരാമ.'—എന്നു ശ്രീ

രാമനെക്കൊണ്ടു പറയിച്ചതും വാല്മീകിയിലും അദ്ധ്യാത്മരാമായണത്തിലും ഇല്ലാത്ത കവിവകയാശയങ്ങളാണ്: ഇവ നിമിത്തം ശ്രീരാമൻെറ സ്വഭാവത്തിനുള്ള മഹിമ പൂർവ്വാധികം വർദ്ധിക്കുന്നു. എന്നാൽ യുദ്ധത്തിനായി മുന്നിട്ടു ലങ്കേശ്വരനെക്കണ്ടു ശ്രീരാമൻ സമരവിമുഖനായി അയോദ്ധ്യയ്ക്കു മടങ്ങിക്കളയാമെന്നു വെച്ചതു ദുഷ്കീർത്തിയിലുള്ള ഭയവും കാരുണ്യസ്വഭാവവും കൊണ്ടാണ് എന്നു കവി ചില കാരണങ്ങൾ കാണിക്കുന്നെങ്കിലും ക്ഷത്രിയ

സിംഹമായ ശ്രീരാമന്ന് അത്ര യുക്തമാകുന്നില്ല. 'താരേശ മുഖീ വാണ വനം കണ്ടതിവേലം മാരാതുരനായി'— എന്ന് 'ഉത്തരരാമചരിതം' സ്മരിച്ചുവണ്ണം പ്രസ്താവിച്ചിട്ടുള്ളതു് ശ്രീരാമസീതാബന്ധം നോക്കുമ്പോൾ സ്വാഭാവികം തന്നെ.

സീതാദേവിയെ വാല്മീകിയുടെ ദൃഷ്ടിയിൽ കൂടി കണ്ടവിധം ഒരു സ്ത്രീരത്നമാതൃകയായിത്തന്നെ നമ്മുടെ കവിയും വർണ്ണിച്ചിരിക്കുന്നു. എന്നാൽ 'ഇന്നെത്രദൂരം നടക്കേണമാര്യ,യെന്നങ്ങു ഭൂയോപി ഭൂയോപി ചൊല്ലും വാമാക്ഷിസീതാ'—എന്നതു തങ്ങളുടെ യാത്രയെപ്പററി യാതൊന്നും അറിയാതെ കൂടക്കൂടെ ശ്രീരാമനോടു ചോദിച്ചും ചൊടിയായി നടന്നും പോയ സീതാദേവിയുടെ മനോഹരമായ ചെറുപ്പകാലം പ്രത്യക്ഷമാക്കുന്നു. രാവണൻെറ ചാപല്യങ്ങൾ പൊറുക്കാതെ ധീരമായി ഉത്തരം ചെയ്തു് അവനെ തൽസംരംഭത്തിൽനിന്നു സീതാദേവി വിരമിപ്പിച്ചതും സ്വഭർത്തൃവിരഹദുഃഖം ഹനൂമാനിൽ നിന്നു് അറിഞ്ഞതുകൊണ്ടും, തൻെറ നിരതിശയമായ വിയോഗതാപംകൊണ്ടും, തങ്ങൾ രണ്ടുപേരുടേയും സത്വസ്ഥിതിക്കു് അത്യന്താപേക്ഷിതമെന്നു കണ്ടും 'പതിയെ വിരവൊടു വന്നീടുവാൻ ചൊല്ലു നീ,' എന്ന പ്രതിസന്ദേശം കുലസ്ത്രീസഹജമായ നില മറക്കാതെ മിതാക്ഷരസംവലിതമാക്കിയതും അഗ്നിപ്രവേശത്തിന്ന് എത്രയും ഹൃദ്യമായി ഒരുങ്ങിയതും നാം കണ്ടു. എന്നാൽ,

'കേളിച്ചു തൽക്ഷണമനല്പാദരം സ്വാമത-
മിപ്പോളിവൾക്കു ഹിതമപ്പാവകേ പതനം'—

എന്നതു ശ്രീരാമൻെറ കോപാരംഭങ്ങൾ കണ്ടു സീതാദേവിതന്നെ പാവകപതനം അപ്പോൾ കത്തവ്യം എന്നു നിശ്ചയിച്ചതായി വാല്മീകിയിലും അദ്ധ്യാത്മരാമായണത്തിലും കാണുന്ന പ്രസംഗത്തിനു വിരുദ്ധമായിരിക്കുന്നു. ഇതു ശ്രീരാമൻെറ പൌരുഷത്തിനു, വിഹിതമാണെന്നിരുന്നാലും തദിംഗിതജ്ഞയായ സീതാദേവി ആയതു തന്നിയെ നിശ്ചയിച്ചു എന്നു വരുന്നതാണു്. ആ മഹതിയെ സംബന്ധിച്ചിടത്തോളം മെച്ചവും, 'അഹമേവൈതസ്യ ഹൃദയം ജാനാമി, മമൈഷഃ'—എന്ന ഉത്തരരാമചരിതത്തിലെ വാസ്തവപ്രസംഗത്തിനു് അനുഗുണവും ആയിരിക്കുക. സീതാദേവിയ്ക്കുണ്ടായ അപവാദദുഃഖവും, വിരഹപീഡയും, തൽസുതന്മാരുടെ രോദനവും, സ്തന്യപാനവും, ശ്രീരാമമുഖത്തിനോടുള്ള സാദൃശ്യവും, മിക്കതും ശമിപ്പിച്ചു എന്നതും നമ്മുടെ കവിയുടെ സ്വന്തം കല്പനകളായിക്കാണുന്നു. ഈ ഭാഗം ഒരു മാതൃഹൃദയം അറിയുന്നവക്കു് വളരെ ഹൃദയംഗമമായിത്തന്നെ തോന്നുന്നതാണു്.

ഇനി രാവണൻെറ സ്വഭാവനിരൂപണം കവി എങ്ങിനെ നിവ്വഹിച്ചിരിക്കുന്നു എന്നു കൂടി നോക്കാം. രാവണൻെറ ചില സ്വഭാവാംശങ്ങളോടു നേരത്തെ നമുക്കു പരിചയമുണ്ടായിട്ടുണ്ടല്ലോ. നമ്മുടെ കവിയുടെ വീക്ഷണചക്രത്തിൽകൂടി രാവണൻെറ സ്വഭാവരൂപീകരണം സ്പഷ്ടമാകുന്നതു് വാല്മീക്യാദികൾ ചെയ്തിട്ടുള്ളതിലും കവിഞ്ഞതരത്തിൽ മോശപ്പെട്ട രീതിയിലാണു്. അവൻ സീതാദേവിയെ ലങ്കയിൽ കൊണ്ടുവെച്ചിട്ടു കൊതിച്ചിരുന്നുവത്രേ. സീതയെ അനുനയിക്കാൻ അവൻ എടുത്ത വിദ്യകളെല്ലാം വിഫലമായി എന്നു

തന്നെയല്ല, സീതയാൽ സവിശേഷം അധിക്ഷിപ്തനാവുകയും തന്മൂലം അത്യന്തം രുഷ്ടനായി സീതാവധാൎത്ഥം ഉദ്യോഗിക്കയും ചെയ്തു. അതുകൊണ്ടും കവി നില്ക്കാതെ ആ അഴകിയ രാവണനെ ഈ ഘട്ടത്തിൽ നിൎത്തി നന്നായി കരി തേച്ചു മടക്കിയിട്ടേ വിശ്രമിച്ചുള്ളു. നോക്കുക:—

'തടവിന ദശകണ്ഠദുർവൃത്തുകൊണ്ടുത്തമാ
വരഗുണവതീ വധാരംഭമാലോക്യ സാ
കരകലിതവാൾ പറിച്ചൂത്ത മണ്ഡോദരീ
ഭുവി പതിമപാതയൽ നൌമി നാരായണം.

ഇരുപതുകവിൾത്തടം പൊട്ടമാറുച്ചകൈ-
തടതടനടിച്ചടിച്ചാശു മണ്ഡോദരീ
തലമുടിപിടിച്ചഴിച്ചാത്മനാഥം രുഷാ
മണിയറയിലാക്കിനാൾ നൌ......'

നാഗാസ്ത്രത്താൽ ബദ്ധനായി സ്വസമീപം എത്തിയ ഹനുമാനോടു രാവണൻ പറയുന്ന വാക്കുകൾ ആത്മപ്രശംസയാൽ കലുഷിതങ്ങളുമാണ്:—

'ദിക്പാലകന്മാരയച്ചൂട്ടതെന്നാകിൽ
കല്പാന്തകാലം വരുത്തുവൻ ഞാൻ
മുപ്പാരിടത്തിങ്കൽ കല്പനയിന്നെനി-
ക്കെപ്പേരുമെന്നറി നാരായണ.'—

ഹനുമാൻെറ 'ബാലാഗ്നി'കൊണ്ടു് ആശരാധീശൻെറ മുഖത്തു് ഉഴിഞ്ഞതും, രാവണൻെറ ലോപപീഡനത്തിൽ സ്വപ്രജകളും ഉൾപ്പെട്ടു ഭയവിഹ്വലരായി

വത്തിക്കുന്നു എന്നതും നാം ഗ്രഹിച്ചു. അയാൾ ഒരു നിഷ്ഠുരശാസനനാണെന്നു മററു സന്ദർഭങ്ങളും വ്യക്തമാക്കുന്നു:—രാവണൻെറ യുദ്ധകാര്യാലോചനാവസരം,

'പ്രിയത്തെയൊഴിഞ്ഞൊന്നും പറഞ്ഞില്ലൊരുവനു-
മനത്ഥപ്പെട്ടുമെന്ന ഭയത്തിനാൽ'— എന്നാണു്

പ്രസ്താവിച്ചിരിക്കുന്നതു്.

എന്നാൽ 'ഹിത'ത്തെപ്പറഞ്ഞ വിഭീഷണനോടു്,

'ചെവികൾക്കഹിതമാം വചനം പറയുകിൽ
ചെകിടെപ്പൊളിപ്പനെന്നാട്ടത്തപ്പോൾ'—

ശ്രീരാമനെ അഭയം പ്രാപിക്കാതെ വിഭീഷണനു മററു നിവൃത്തിയില്ലാതായി. രാവണൻെറ കോപസമാരംഭങ്ങൾ അതിഭയങ്കരങ്ങളാണു്; അവൻെറ തത്സമയമുള്ള നോട്ടം കവി ഇപ്രകാരം വർണ്ണിക്കുന്നു. യുദ്ധത്തിനായി എത്തിയ ശ്രീരാമാദികളെക്കണ്ടിട്ടു്,

'നാലഞ്ചുവിലോചനമുരുട്ടിമിഴിച്ചേററം
നാലുദിശി തീപ്പതിരുതുകി ഹരിരാമ'—എന്നാണു്.

എങ്കിലും രാവണൻെറ മഹാപ്രതാപം ശ്രീരാമനിൽ അത്യന്തബഹുമാനം ഉളവാക്കത്തക്കതായിരുന്നുവല്ലോ. വാല്മീകിയും ഈ സംഗതി നന്നായി സ്മരിക്കുന്നു.

'അഹോദീപ്തമഹാതേജാ
രാവണോ രാക്ഷസേശ്വരഃ
... ... ... ... ...
... ... ... ... ...
ആദിത്യഇവ ദുഷ്പ്രേക്ഷ്യോ
രശ്മിഭിർഭാതി രാവണഃ
ന വ്യക്തം ലക്ഷയേഹ്യസ്യ
രൂപം തേജഃ സമാവൃതം'—ഇത്യാദി ശ്രീരാമവാക്യ

ങ്ങൾ നോക്കുക. എന്നാൽ ശ്രീരാമൻ തന്റെ പ്രതിയോഗിയെക്കണ്ടിട്ട് ഇങ്ങനെയാണു നിശ്ചയിച്ചത്:—

'ദിഷ്ട്യായമദ്യ പാപാത്മാ
മമ ദൃഷ്ടിപഥം ഗതഃ
അദ്യ ക്രോധം വിമോക്ഷ്യാമി
സീതാഹരണസംഭവം'—വാല്മീകിയുടെ ഈ പ്രസ്താവത്തോടു നമ്മുടെ കവിയുടെ അഭിപ്രായം വളരെ ഭേദിച്ചിരിക്കുന്നുവെന്ന് ഇപ്പോൾ സ്പഷ്ടമായല്ലോ.

രാവണനു സീതയിലുള്ള അഭിനിവേശം എന്തു കാരണത്താലും കുറയുന്നതല്ല. എന്നാൽ കുംഭകർണ്ണൻ, ഇന്ദ്രജിത്തു മുതലായവരുടെ വധം കേട്ടപ്പോൾ അതു് ഒന്നു ഭേദിക്കുമെന്നു തോന്നി:—

'സോദരസുതാവപി മരിച്ചൊരു ദശായാം
ഖേദമതി രാവണനുമൊന്നു മുററയിട്ടാൻ
ആദരവൊടാത്മമഹിഷീം മടയിൽവെച്ചി-
ട്ടാധിഹൃദയാമിതി പറഞ്ഞു ഹരിരാമ.

'മെല്ലമിഴിസീതയെക്കൊടുത്തുകളകെന്നോ?
ചൊല്ലെഴുന്ന രാമശരമേററു മരിക്കെന്നോ?
നല്ലതിനിയെന്തു നമുക്കെന്നതിനെ നീതാൻ
ചൊല്ലുക സരോജമുഖിദേവി! ഹരിരാമ.'

യുദ്ധം സമാപിച്ചുകൊള്ളുകയാണു ഭേദമെന്നു മണ്ഡോദരി ഉപദേശിച്ചു; പക്ഷെ അതോടുകൂടി സീതയെ മടക്കിക്കൊടുക്കേണ്ടി വരുമെന്നു വെച്ചായിരിക്കാം യുദ്ധംതന്നെ വിഹിതമെന്നു രാവണൻ നിശ്ചയിച്ചതു്.

രാവണനു മേൽപ്രകാരം ഒരു സന്ദേഹജടിലമായ മനോഭാവം ഉണ്ടായതായി വാല്മീകിയും അദ്ധ്യാത്മരാമായണകർത്താവും പ്രസ്താവിക്കുന്നില്ല. തനിക്കു മൃത്യു ഭവിച്ചാലും വേണ്ടതില്ല സീതയെ താൻ മടക്കിക്കൊടുക്കയില്ല എന്ന വണ്ണമായിരുന്നു അയാളുടെ സീതയിലുള്ള മോഹം.

'എന്നും തരുന്നീല നിൻ ധർമ്മദാരാൻ
ഇന്നോ മരിക്കല്ലൊ നല്ലു മഹാത്മൻ!'—

എന്ന രാവണവചനം നോക്കുക:—

ഇപ്രകാരം ചില പ്രധാന പാത്രങ്ങളിൽ കവി ചെയ്തിട്ടുള്ള ചില മിനുക്കുപണികളുടെ നന്മതിന്മയെക്കുറിച്ച് ഒരു ലഘുവീക്ഷണം നാം ചെയ്തുകഴിഞ്ഞു.

ഭാഗവതം ഇരുപത്തിനാലുവൃത്തത്തിൽ വിശിഷ്യ പറയത്തക്കവണ്ണം പാത്രനിർമ്മിതിവിഷയത്തിൽ ഒന്നും കണ്ടതായി ഓർക്കുന്നില്ല. ഇതിലുള്ള സന്ദേശം മൂലം രുക്മിണിയുടെ മഹിമയ്ക്കു് അല്പം ഉടവു തട്ടിയതായി നാം കണ്ടു. ഉററുനോക്കുന്നപക്ഷം മററു ചില പാത്രങ്ങളെ സംബന്ധിച്ചും വല്ലതും പറയുവാനുണ്ടായേക്കാം. ഉദാഹരണമായി,

'കൃത്രിമമതാകിയൊരു വേഷമതു കണ്ടി-
ട്ടുത്തമനുറക്കവെ ചിരിച്ചു ഹരികൃഷ്ണ'—എന്ന ഭാഗം സ്വീകരിക്കാം—

ഇതു പൌണ്ഡ്രകൻെറ വേഷം കണ്ടിട്ടുണ്ടായതാണു്. ഇവിടെ ഉറക്കെച്ചിരിച്ചു എന്നും അതു ചെയ്തതു് 'ഉത്തമൻ' ആണെന്നും കാണുന്നു. ആത്മസംയമനം എന്ന വിശിഷ്ടഗുണം മഹാത്മക്കളിൽ തീർച്ചയായും

ഉണ്ടായിരിക്കുന്നതാണ്. സാമാന്യജനങ്ങളെപ്പോലെയല്ല അവരുടെ സാധാരണ പെരുമാററങ്ങൾപോലും എന്നതു വീക്ഷിച്ചാൽ ബോധ്യപ്പെടുന്നതാണ്. അവരുടെ 'ചിരി' തന്നെ വാസ്തവത്തിൽ മന്ദസ്മിതമേ ആയിരിക്കയുള്ളു. ശ്രീകൃഷ്ണൻ ഒരു ഉത്തമാദർശപാത്രമാകയാൽ തത്തുല്യഗുണങ്ങൾ ആരായുകയേ പാകതയുള്ള കവികൾ ചെയ്യാറുള്ളു.

'ഇതിപ്രഗത്ഭവാദിനീമെതിർത്തുനിന്നു രാഘവൻ
പതുപ്പിൽവെച്ചു സുന്ദരം ചിരിച്ചുകൊണ്ടുചൊല്ലി
[നാൻ.'

എന്നു രാമായണം ഇരുപത്തിനാലുവൃത്തത്തിൽ ശൂർപ്പണഖയുടെ കാമപ്രമാദങ്ങൾ കണ്ടപ്പോൾ ശ്രീരാമന്റെ അനുഭാവം മേൽപ്രകാരം ഒരു മന്ദസ്മിതമായിത്തന്നെ പ്രസരിച്ചതു നോക്കുക. നേരേ മറിച്ച് ഒരു അധമപാത്രമായ രാവണന്റെ ചിരി പ്രസ്തുത കൃതിയുടെ കർത്താവ് ഇങ്ങനെ വർണ്ണിക്കുന്നു:—

'പതത്രിരാട് പതിച്ചുകണ്ടുടൻ ചിരിച്ചു ഭീഷണം
മുഴത്തസിംഹനാദപൂരിതാണ്ഡഭാണ്ഡമാതനോൽ.'

ഇവിടെ എതിർത്ത ജടായുസ്സ് തന്റെ ഖഡ്ഗപാതമേററു പെട്ടെന്നു വീണ വീഴ്ച കണ്ടു രാവണൻ ഭയങ്കരമായി ചിരിച്ചു. ബ്രഹ്മാണ്ഡകടാഹം മുഴത്ത സിംഹനാദം കൊണ്ടു നിറയ്ക്കപ്പെട്ടു എന്ന് അതിന്റെ യുക്തമായ ഉച്ചൈർഘുഷ്ടത കവി അറിഞ്ഞ് അലങ്കാരഭാഷയിൽ പ്രസ്താവിച്ചിരിക്കുന്നു.

ഇനി, ഈ രണ്ടു കൃതികളിലും ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങളെപ്പററി അല്പം പ്രതിപാദിക്കാം. രണ്ടു ഗ്രന്ഥ

ങ്ങൾക്കും 'ഇരുപത്തിനാലുവൃത്തം' എന്ന നാമം ഉണ്ടെങ്കിലും അവ ൨൪ പ്രത്യേകവൃത്തങ്ങളിലല്ല നിബദ്ധങ്ങളായിട്ടുള്ളതു്. ഒരിക്കൽ ഉപയോഗിച്ച വൃത്തം തന്നെ തുല്യസന്ദർഭങ്ങളിൽ ആവർത്തിക്കുന്നതായി കാണാം. ഈ വൃത്തങ്ങളെപ്പററി ഒരു വിശദമായ ജ്ഞാനം നമുക്കു 'വൃത്തമഞ്ജരി'യിലെ 'ഭാഷാവൃത്തപ്രകരണം' മുഖേന ഗ്രഹിക്കാവുന്നതാണ്. പദ്യങ്ങളെല്ലാം മുക്തക (ശ്ലോക) ങ്ങളെങ്കിലും പൂർവാർദ്ധം, ഉത്തരാർദ്ധം എന്നു രണ്ടായി മുറിയണമെന്നും, ൨_ം, ൩_ം പാദങ്ങൾ തമ്മിൽ വേർതിരിഞ്ഞു നിൽക്കണമെന്നും ഉള്ള വ്യവസ്ഥകൾ ഇവയിൽ അത്ര ദീക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ സുലഭങ്ങളാകയാൽ ഇവിടെ ഉദ്ധരിക്കുന്നില്ല. മാത്രാപ്രധാനങ്ങളായ വൃത്തങ്ങളാകയാൽ ഗുരുവും ലഘുവും ചൊല്ലുന്നതിലുള്ള സൌകര്യം അനുസരിച്ചു ലഘുവായും ഗുരുവായും തീരുന്നതു കാണാം.

ഭാഗവതം ഇരുപത്തിനാലുവൃത്തത്തിൽ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങൾ യഥാക്രമം ഇന്ദുവദന, സർപ്പിണി, കലേന്ദുവദന, സമാസമം, മല്ലിക, കല്യാണി, സ്തിമിത, പഞ്ചചാമരം, സംപുടിതം, അതിസമ്മത, സർപ്പിണി, കാകളി (സ്രഗ്വിണി), മഞ്ജരി, ഊനകാകളി, നതോന്നത, ശങ്കരചരിതം, കല്യാണി, തരംഗിണി, ഇന്ദുവദന, മല്ലിക, സർപ്പിണി, അന്നനട, അതിസ്തിമിത, കാകളി— എന്നിവയാകുന്നു. രാമായണം ഇരുപത്തിനാലുവൃത്തത്തിലെ വൃത്തങ്ങളുടെ പേർ വൃത്തമഞ്ജരി നോക്കി ഗ്രഹിക്കേണ്ടതാണ്.

ഭാഗവതം ഇരുപത്തിനാലുവൃത്തത്തിൽ വൃത്തങ്ങൾ സ്വീകരിച്ചിട്ടുള്ളതു നോക്കുമ്പോൾ ഈ കൃതി മറേറ

തിനെ അനുകരിക്കുന്നതായി പ്രത്യക്ഷപ്പെടുന്നു. ശ്രീരാമാവതാരത്തിനും ശ്രീകൃഷ്ണാവതാരത്തിനും തമ്മിൽ കഥകൾക്ക് ഒരു സാദൃശ്യം രചനകൊണ്ടു ഭാ: ഇ: കർത്താവു വരുത്തിയിരിക്കുന്നു. ആദ്യത്തെ നാലു 'വൃത്ത'ങ്ങൾക്കു രാ: ഇ:-ൽ പ്രയോഗിച്ച വൃത്തങ്ങൾ തന്നേയാണു ഭാ: ഇ:വൃത്തത്തിലും സ്വീകരിച്ചിരിക്കുന്നതു്. ഈ നാലുവൃത്തങ്ങൾ കൊണ്ടു് ഒന്നിൽ ശ്രീരാമൻെറ വനയാത്രവരേയുള്ള സംഗതികൾ പ്രസ്താവിച്ചു: മറേറതിൽ ശ്രീകൃഷ്ണന്റെ ശൈശവവും വർണ്ണിച്ചു. കഥാഗതിയുടെ യോഗ്യതയനുസരിച്ചു് വൃത്തം അനന്തരം മാറുന്നു. ശ്രീരാമവിയോഗദുഃഖവർണ്ണനയ്ക്കു് ഉപയോഗിച്ച വൃത്തം തന്നെ ഗോപാംഗനമാരുടെ വിരഹദുഃഖവർണ്ണനയ്ക്കും ഉപയോഗിച്ചിരിക്കുന്നു. അതുപോലെ ശ്രീരാമൻെറ ലങ്കയിൽ നിന്നുള്ള മടക്കം വർണ്ണിക്കുന്നതിന് ഉപയോഗിച്ച വൃത്തം തന്നെ ശ്രീകൃഷ്ണൻെറ ദ്വാരാവതീയാത്രയ്ക്കും ഉപയുക്തമായിരിക്കുന്നു. *

ഇങ്ങനെ ഭാ: ഇ: കർത്താവു് മറേറ കൃതിയെ വൃത്തസ്വീകരണവിഷയത്തിൽ മാത്രമല്ല അനുകരിച്ചിരിക്കുന്നതു്. പദങ്ങൾ, പാദങ്ങൾ, ആശയങ്ങൾ, സന്ദർഭങ്ങൾ എന്നിവകൂടി അതുപടി സ്വീകരിക്കയും അനുകരിക്കയും ചെയ്തിട്ടുണ്ടെന്നു രണ്ടു കൃതികളും ചേർത്തു പഠിക്കുന്നവർക്കു ഗ്രഹിക്കാവുന്നതാണ്. ചില ഉദാഹരണങ്ങൾ ഉന്നയിക്കാം:—

---

* ഈ ഭാഗം കുറെ കൂടി സൂക്ഷ്മമായി അറിയണമെങ്കിൽ കൊച്ചി ടെക്സ്റ്റ്ബുക്കുകമ്മററിക്കു വേണ്ടി പ്രസിദ്ധം ചെയ്ത ഭാഗവതം ഇരുപത്തിനാലുവൃത്തത്തിൽ ചേർത്തിട്ടുള്ള എൻെറ അവതാരിക നോക്കുക.

൧. 'ഭക്തിയോടു ചൊല്ലുവതിന്നിന്നു തുനിയുന്നേൻ'—
[രാ: ഇ:

'തൃഷ്ണയോടു ചൊല്ലുവതിന്നിന്നു തുനിയുന്നേൻ'—
[ഭാ: ഇ:

൨. 'ഇത്ഥമമരസ്തുതികൾ കേട്ടു പുരുഷാണാ-
മുത്തമനനന്തഫണിമെത്തമെലിരുന്നു'— രാ: ഇ:

'സാധുസരസീരുഹഭവസ്തുതികൾകേട്ട-
മ്മാധവനശേഷജനനായകനമേയൻ
പ്രീതിയൊടുണന്നുരഗശയ്യയിലിരുന്ന-
... ... ... ... '— ഭാ: ഇ:

൩. 'ദേവതകളേ മതി വിഷാദമിഹ യൂയം
വാനരകുലേ ഭുവി പിറക്ക......'— രാ: ഇ:

'വേദനകളൊക്കെയുമൊഴിഞ്ഞു വിബുധന്മാർ
യാദവകുലേ ഭുവി പിറക്ക......'— ഭാ: ഇ:

൪. 'കമലദലലോചനവും' ഇത്യാദി പദ്യത്തിന്റെ അനുകരണം നാം കണ്ടു.

൫. 'നാലുനിജ ചെറിയ ചില ബാലകരിലിയലിന്നൊരു'—ഇത്യാദി രാ: ഇ: മുക്തകവും, 'ചേലൊടവളുടെയുപരി ലീല തേടി മരുവും നിജ'—ഇത്യാദി ഭാ: ഇ: മുക്തകവും പരിശോധിക്ക.

൬. '......ദാശരഥി, പ്രതിപദദ്ധനാഥ ഇവ സപദി വവൃധേ തദനു'—രാ: ഇ:

'പ്രതിപദേന്ദുപോൽ പ്രതിദിനം കൃഷ്ണൻ
മതിരുന്തോറുമങ്ങടനടൻ'— ഭാ: ഇ:

൧. 'കാന്താരവിന്ദായതാക്ഷീമനോജ്ഞേ'— രാ: ഇ:

'കാന്താരവിന്ദായതാക്ഷീ സഖീ നീ'— ഭാ: ഇ:

൨. 'പുത്തൻമണിസ്യന്ദനത്തിന്മേലേറി'— രാ: ഇ:

'പുത്തൻമണിത്തേരിലേറീട്ടുപൊന്നൻ'— ദാ: ഇ:

൩. 'എന്തെന്തെടാ രാഘവാ നില്ല നില്ല-
ങ്ങെന്തോത്തടുക്കുന്നു നീ താടകാരേ'— രാ: ഇ:

'എന്തെന്തെടാ! മൂഢമൂഢ! ദുരാത്മൻ!
എന്തോന്നു ചിന്തിച്ചടുക്കുന്നു നീയും'— ഭാ: ഇ:

ഇങ്ങനെ പലതും ഇനിയും കാണുന്നതാണ്. ആശയങ്ങളം പകത്തിയിട്ടുള്ളതിനും സന്ദർഭങ്ങൾ അനുകരിച്ചിട്ടുള്ളതിനും ഉദാഹരണങ്ങൾ ഈ ഗ്രന്ഥത്തിൻെറ 'അനുബന്ധ'ഭാഗത്തിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. മേൽ ഉദ്ധരിച്ച തരം സാദൃശ്യങ്ങളും ചിലതുകൂടി അവിടേയും കാണാം. അനുകരണഭ്രമംകൊണ്ടു ഭാഗവതകഥയും ഇതിലെ പ്രസ്താവവും തമ്മിൽ സാരമായ ഭേദം ഉണ്ടായിട്ടുണ്ട്. ദ്വാരാവതിയിലേക്ക് ഇതിൽ പ്രതിപാദിച്ചിട്ടുള്ള വിധം ഒരു യാത്രയും ചെയ്തിട്ടുള്ളതായി ഭാഗവതത്തിൽ കാണ്മാനില്ല. രാമായണത്തിലേതു കണ്ടപ്പോൾ ഇവിടേയും അത്തരം ഒന്നു വർണ്ണിക്കപ്പെടാം എന്നു കവി നിശ്ചയിച്ചിരിക്കണം. അതുപോലെ ഗോപികാവിലാപം ഇതിൽ പ്രതിപാദിച്ചതുപോലെ ഭാഗവതത്തിൽ വിസ്തരിക്കുന്നില്ല. ഇവിടേയും കവി രാമായണഭാഗത്തെ അനുകരിക്കാൻ പ്രയത്നിച്ചിരിക്കുന്നു. കവിയുടെ കല്പനാശക്തിജന്യമായ ഈ രണ്ടു ഭാഗങ്ങളും ആകപ്പാടെ നമ്മെ ലേശം മുഷിപ്പിക്കുന്നില്ല.

ഇങ്ങനെ വളരെ അനുകരിക്കയും പകൎത്തുകയും ചെയ്തു വെങ്കിലും മററു പല കാരണങ്ങൾ കൊണ്ടും ഭാഗവതം ഇരുപത്തിനാലുവൃത്തം മറേറ കൃതിയോളം മെച്ചമായി ട്ടില്ല എന്നു മേൽ ചെയ്തിട്ടുള്ള പ്രസ്താവങ്ങൾകൊണ്ടു് നാം മനസ്സിലാക്കുന്നു. ഒരു കൃതിയിൽ മററു പല കൃതികളി ലേയും ആശയച്ഛായയും പദങ്ങളുടെ സംക്രമണവും ഉണ്ടാവുക സാധാരണമാണെന്നു കൃതികൾ തമ്മിൽ പരി ശോധിക്കുമ്പോൾ അറിയുന്നതാണ്. അതു് ഒരു അപ കൎഷമെന്നു വരുന്നപക്ഷം കാളിദാസാദികളുടെ കവിത കൾക്കും അപകൎഷം സിദ്ധിക്കുന്നു. സ്വീകരിക്കപ്പെട്ടു ന്നവ മനോഹരമായി വിന്യസിക്കുന്നതിലാണ് ഒരു കവിയുടെ മേന്മ സ്ഥിതിചെയ്യുന്നതു്. രാമായണം ഇരു പത്തിനാലുവൃത്തം ആരുടെ കൃതിയായിരുന്നാലും അതു് പുനംനമ്പൂരിയുടെ രാമായണചമ്പുവിന്നും കാളിദാസന്നും വളരെ കടപ്പെട്ടിരിക്കുന്നു; രാവണൻെറ പത്തുമുഖങ്ങളി ലേയും ഭിന്നരസസ്ഫുരണം വൎണ്ണിക്കുന്നതും മററും പുനം വഴി ലഭിച്ചിട്ടുള്ളതാണ്. ഭോജചമ്പു മുതലായി മററു ചില കൃതികളുടെ ഛായയും അതിൽ അല്പം പകൎന്നു കാണുന്നു. എങ്കിലും അതെല്ലാം ആ കൃതിയുടെ മേന്മയ്ക്കു ഹാനികരമാകാതെ മാററു വൎദ്ധിപ്പിക്കുന്നതായിട്ടാണ് മിക്കതും അനുഭവപ്പെട്ടതു്. ആകയാൽ, താരതമ്യേന ഭാഗവതം ഇരുപത്തിനാലുവൃത്തം അപകൎഷം പ്രാപിക്കു ന്നതു് ഛായാഗ്രഹണാദികൾകൊണ്ടല്ല എന്നു വ്യക്ത മായല്ലോ.

ഇനി ഈ രണ്ടു കൃതികളുടേയും രചയിതാക്കൾ ആരായിരിക്കാം എന്നാണു ചിന്തിക്കേണ്ടതു്. ശബ്ദങ്ങളു ടേയും ആശയങ്ങളുടേയും സാദൃശ്യങ്ങൾ മാത്രം വെച്ചു

കൊണ്ടു രണ്ടും ഒരാളുടെ കൃതികളായിരിക്കണം എന്നുള്ള ഊഹം ഭദ്രമായിരിക്കുന്നില്ല. ആ കാരണത്താൽ തന്നെ അതു് അന്യന്റെ ആവാനാണു് എളുപ്പം. പ്രകൃതത്തിലുള്ള ഈ രണ്ടു ഗ്രന്ഥങ്ങൾതന്നെ അതിന്നു് ഉദാഹരണം. പോരെങ്കിൽ, ഭാഗവതം ഇരുപത്തിനാലുവൃത്തം എഴുത്തച്ഛന്റെ കൃതിയെന്നറിയുന്ന ഭാഗവതത്തോടും കടപ്പെട്ടിരിക്കുന്നു. മുമ്പു ചെയ്തിട്ടുള്ള ചില ഉദ്ധാരണങ്ങൾ സൂക്ഷിച്ചാൽ ആ വസ്തുത മനസ്സിലാകുന്നതാണു്. കംസന്റെ മരണലക്ഷണം വർണ്ണിക്കുന്ന ഭാഗവും നോക്കുക. ഇങ്ങനെ സാദൃശ്യം കാണുന്നുവെങ്കിലും ഭാഗവതവും ഈ ഇരുപത്തിനാലുവൃത്തവും രണ്ടു കവികളുടെ കൃതികൾ തന്നെയാണല്ലോ. തന്നിമിത്തം തന്നെ രാമായണം ഇരുപത്തിനാലുവൃത്തം പുനത്തിന്റെ കൃതിയാവാനെളുപ്പമുണ്ടെന്നും പറയുക സംഗതമാകുന്നില്ല.

ഇങ്ങനെ വഴിപിഴപ്പിക്കുന്ന സാദൃശ്യാദികളെ അത്രയ്ക്കു ഗണ്യമാക്കാതെ രചനാസമ്പ്രദായം, ഗ്രന്ഥകാരന്റെ സ്വഭാവപ്രതിബിംബനം എന്നിവയെ പ്രാധാന്യേന വീക്ഷിക്കയാണു് പ്രകൃതത്തിൽ വിഹിതമായിട്ടുള്ളതു്; എന്തെന്നാൽ, അവ രണ്ടും മനോധർമ്മങ്ങളും ഓരോ കവിയുടേയും പൃഥക്ത്വസാക്ഷ്യങ്ങളും ആകുന്നു. അങ്ങനെ നോക്കുമ്പോൾ, രാമായണം ഇരുപത്തിനാലുവൃത്തം സംബന്ധിച്ചു് തൽകർത്താവു്, കഥാഭാഗങ്ങൾ അഭംഗിപ്പെടാതെ സംക്ഷേപിക്കയും, സംഗതികളുടെ മർമ്മങ്ങൾ സ്പഷ്ടീകരിച്ചു പ്രതിപാദിക്കയും, ഭാഷാശൈലികളുടെ ശക്തിയറിഞ്ഞു പ്രയോഗിക്കയും, ആശയങ്ങൾ സരളമായ വാക്യങ്ങളിൽ നിബന്ധിക്കയും, ശൃംഗാരാദി

ഘട്ടങ്ങൾ തദാത്മതയോടു കൂടി വൎണ്ണിക്കയും, ദുഷ്പാത്രങ്ങ ളേയും സൽപാത്രങ്ങളേയും യഥാക്രമം വേണ്ടതിലധികം ദൂഷിക്കയും വാഴ്ത്തുകയും ചെയ്യുന്നതിൽ സാമൎത്ഥ്യം പ്രദൎശി പ്പിക്കുന്നു എന്നു പ്രസ്താവിക്കണം. അദ്ദേഹം ഒരു വാസ നാകവിയും പണ്ഡിതനും അന്യകവിതാഗതങ്ങളായ വിശിഷ്ടാശയങ്ങൾക്കു ഒരു സ്വീയഛായ നൽകുന്നവനും ആകുന്നു. വിശിഷ്യ, അദ്ദേഹം ഒരു ജ്യോതിശ്ശാസ്ത്രജ്ഞ നും വേദാന്തവിദ്യാപരിചിതനായ ഭക്താഗ്രണിയും കൂടി യാണ്. ഇരുപത്തിനാലുവൃത്തം ഈശ്വരാപദാനകീൎത്ത നത്തിനു വേണ്ടി രചിച്ചതുകൊണ്ട് അതിൽ കുറേ ഈശ്വരസ്തുതികൾ കൂടി ഇരുന്നുകൊള്ളട്ടേ എന്ന വിധ ത്തിലല്ല അവ നമ്മിൽ പ്രതിഭാസിക്കുന്നതു്. അതിന്റെ പ്രണേതാവിൽ ഭക്തിരസം നിസൎഗ്ഗസിദ്ധമാകയാൽ യദൃച്ഛയാ ലഭിക്കുന്ന അവസരംപോലും അദ്ദേഹം അറി യാതെ ഈശ്വരസ്തുതി ചെയ്തുപോകുന്നു. 'യോ ജഗദിദം സൃജതി കാലഗുണശക്ത്യാ'—ഇത്യാദിയും, 'അല്ലലകററീ ടുവതിനാശ്രിതജനാനാം'—ഇത്യാദിയും പദ്യങ്ങൾ ആ അവസരത്തിനു ഭൂഷണമാണെന്നു് അദ്ദേഹം പ്രയോഗി ച്ചില്ലെങ്കിൽ നാം അറിയുമായിരുന്നില്ല. രാവണവധാന ന്തരം ഉള്ള സ്തുതിക്കും സ്വൎഗ്ഗാരോഹണഘട്ടത്തിൽ കാണുന്ന സ്തുതിക്കും അദ്ദേഹത്തിനു വേണ്ട സന്ദൎഭം കിട്ടി. എന്നാൽ ഇങ്ങനെയൊരു സാവകാശവും കിട്ടാ ത്ത അവസരത്തിലും അദ്ദേഹം ഈശ്വരസ്മരണ ചെയ്തി രിക്കുന്നതുകൊണ്ടാണു് അദ്ദേഹം പ്രകൃത്യാ ഒരു ഭക്തനാ ണെന്നു പറഞ്ഞതു്. തന്റെ ആരാധനാമൂൎത്തി, സംഗ്രാമ ഭയങ്കരന്മാരായ ഖരദൂഷണാദികളോടും ബഹുസഹസ്രം

രാക്ഷസന്മാരോട്ടം ഒററയ്ക്കു നേരിടേണ്ടിവന്നപ്പോൾ കവി പയ്യാകുലനായി അദ്ദേഹത്തോടു സചേതസ്സായി ഭവിക്കുന്നു. ഓക്കാതെ ഭഗവാൻ ജയിക്കണമെന്ന വാക്കുകൾ കവിയിൽനിന്നു വിനിർഗ്ഗമിച്ചുപോകുന്നു. നോക്കുക:—

"ദ്വിസപ്തകം സഹസ്രമുള്ള രാക്ഷസക്ക് സംഗരേ
എനിക്കെനിക്കിതേകനുണ്ടിതെന്നു തോന്നുമാറുടൻ
എതിത്ത രാമവിക്രമം പുകഴ്ത്തുവാൻ 'പണിപ്പെട്ടും
ജയിക്ക വിശ്വനായകൻ' മുകുന്ദരാമ പാഹിമാം."

അദ്ദേഹം ഒരു വേദാന്തിക്രൂടിയാണെന്നു കാണിപ്പാൻ, 'മായാമോഹിതമതിജനമുണ്ടോ തവ മഹിമാനമറിഞ്ഞീടുന്നു'—ഇത്യാദിയും, 'പരമമുനിസേവിതാനന്ദസംവിത് കലാം'—ഇത്യാദിയും പദ്യങ്ങളും മററനേകങ്ങളും ഉദാഹരിക്കാവുന്നതാണ്.

ഇപ്രകാരം ഗുണവിശിഷ്ടനായ കവി ആരായിരിക്കും എന്നറിവാൻ ചില പ്രയോഗങ്ങളും നമുക്ക് ഉദ്ധരിക്കേണ്ടതുണ്ട്. 'അച്ഛോ' എന്ന ആക്രോശശബ്ദം, ആശ്ചരിയം, പതുപ്പിൽ വിളിച്ചനുസരിച്ചു, കടിച്ചുതിൻക, കുലചില, മണിപ്പൂൺപ്, യാത്രാക്കിനാൻ, നിച്ചിരിയക്കയ്യർ, നീളക്കതിചന കുററിതറച്ചു, കൊണ്ടുനു പച്ചേക്കടിച്ചിട്ടതിന്നും, പണ്ടാരചാപം, ചില പരമാതരങ്ങൾ, വീരന്നെ ലക്ഷ്മണനെ, സവ്വേശ്വരനേ!—ഇത്യാദി ശബ്ദങ്ങൾ ചംപൂകാരന്മാരുടെ കാലത്തെ ഓമ്മിപ്പിക്കുന്നു.

'കച്ചവാലും പിടിച്ചു' എന്നതും, രാക്ഷസവണ്ണനയും, മിക്കവാറും കഥകളിക്കാലത്തേയും സ്മരിപ്പിക്കുന്നു.

എന്നാൽ കച്ചവാൽ കളരിപ്പയററുകാലത്തിനും പററി യതുതന്നെ; കളരിയഭ്യാസകാലവും കഥകളിക്കാലവും തമ്മിൽ വലിയ അന്തരവുമില്ലല്ലോ. രാക്ഷസവൎണ്ണനകൾ പുരാണസിദ്ധാങ്ങളുമാകാം. എന്നാൽ സാഹിത്യപഞ്ചാനനൻെറ അഭിപ്രായം ആലംബിച്ച് 'എന്തെന്തെടാ രാഘവാ'—ഇത്യാദി വിളികൾ എഴുത്തച്ഛനു യുക്തങ്ങളല്ലെന്നും കഥകളിഗതങ്ങളാകുന്നുവെന്നും പറയേണ്ടിയിരിക്കുന്നു. പോരെങ്കിൽ നാഗാസ്ത്രബദ്ധനായ ഹനുമാനോടു രാവണൻ പറയുന്ന വാക്കുകളും കഥകളിസാധാരണങ്ങളാകുന്നു. ആകയാൽ ഈ കൃതി ചംപൂകാലത്തിനും കഥകളിക്കാലത്തിനും മദ്ധ്യേ രചിച്ചതായിരിക്കണം. നാം മുമ്പ് ഉദ്ധരിച്ചു കാട്ടിയ ഗുണങ്ങൾകൊണ്ടു വിശിഷ്ടനായി ഈ കാലത്തിനുള്ളിൽ എഴുത്തച്ഛനെയല്ലാതെ മററാരെയും ദർശിക്കുന്നുമില്ല. എന്നാൽ, നേയാൎത്ഥാദി കാവ്യദോഷങ്ങളും നാം ഇതിൽ കണ്ടുവല്ലൊ; പക്ഷേ അവ അത്ര പറയത്തക്കവണ്ണം സമൃദ്ധിയായിക്കാണുന്നില്ല എന്നും ഓൎക്കണം. ഈ കൃതി എഴുത്തച്ഛൻെറതാണെന്നു ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രവും എന്തോ പരംപരാഗതമായ അറിവു പ്രമാണമാക്കി അഭിപ്രായപ്പെടുന്നു. വിശിഷ്യ, അദ്ധ്യാത്മരാമായണത്തിലെ ചില ഭാഗങ്ങളോടു് ഇതിലെ രചനയ്ക്കു ചില സാദൃശ്യവും നാം വീക്ഷിക്കാതിരിക്കുന്നില്ല. ഹനുമാൻ സീതയ്ക്കു സന്ദേശം നൽകുന്ന ഭാഗം രണ്ടിലും ചേൎത്തു നോക്കിയാൽ ഈ വസ്തുത ഒരുവിധം സ്പഷ്ടമാകുന്നതാണ്. ഇങ്ങനെയൊക്കെയാണെങ്കിലും, മേൽപറഞ്ഞ അയുക്തങ്ങളായ സംബോധനകൾ എഴുത്തച്ഛൻെറ സ്വതേ

യുള്ള ഗൌരവം നിഹനിക്കുന്നു. പുനം ഒരു മഹാകവിയാണെങ്കിലും സംക്ഷേപിച്ചു രചിക്കുന്ന ഒരു ശീലം അദ്ദേഹത്തിന്റെ കവനകമ്മത്തിന് ഉള്ളതല്ലെന്നു കാണുന്നു; ഭക്തിരസവും ഇത്ര സാന്ദ്രമായി അദ്ദേഹത്തിൽ കാണ്മാൻ പ്രയാസമാകുന്നു. ആകയാൽ ഇതരതെളിവുകൾ ലഭിക്കുന്നതുവരെ ഈ കൃതി പാരംപരാസിദ്ധമായ അഭിപ്രായം ശരണീകരിച്ച് എഴുത്തച്ഛന്റെ ചെറുപ്പത്തിലുള്ള—വലിയ പാകത സിദ്ധിക്കാത്ത കാലത്തുള്ള—ഒരു മനോഹരകവിതയാണെന്നു നമുക്ക് അനുമാനിക്കാം.

ഭാഗവതം ഇരുപത്തിനാലുവൃത്തം കുഞ്ചൻനമ്പ്യാരുടെ ഒരു കൃതിയാണെന്നുള്ളതിൽ പക്ഷാന്തരമില്ല. അദ്ദേഹത്തിന്റെ ജന്മസിദ്ധമായ പരിഹാസശീലം, ഒരു് അതിവക്താവിന്റെ ലക്ഷണം, ഭാഷാപ്രയോഗചാതുൎയ്യം മുതലായ ഗുണങ്ങൾ ഇവിടെ സ്ഫുടിച്ചുതുടങ്ങുന്നതായിക്കാണാം. ഇതും ആ മഹാന്റെ ചെറുപ്പത്തിലുള്ള കൃതിയായിരിക്കണം. ഇതിലെ ‘രാസകേളി’, ഗോപികളുടെ ആവലാതി മുതലായ ഘട്ടങ്ങൾ അക്ലിഷ്ടകോമളങ്ങളായ പദ്യങ്ങൾകൊണ്ടു പ്രകാശിക്കുന്നു.

അങ്ങിനെ ഭാഷാസാഹിത്യഭാണ്ഡാഗാരത്തിലെ രണ്ടു വിശിഷ്ടരത്നങ്ങളാകുന്ന ഈ കൃതികൾ രണ്ടും എന്നു നാം ഒരുവിധം ഗ്രഹിച്ചുവല്ലോ.

# അനുബന്ധം.

## ൧. ദേവന്മാരുടെ പ്രാർത്ഥന.

ബ്രഹ്മാവു തുടങ്ങിയ ദേവകൾ വിഷ്ണുവിനോട് സങ്കടം ഉണർത്തുന്നതും തന്നിവാരണാർത്ഥം വേണ്ട ഉപദേശം നൽകി അവരെ സമാശ്വസിപ്പിക്കുന്നതുമായ ഭാഗം:—

വെണ്മതികലാഭരണനംബിക ഗണേശൻ
നിർമ്മലഗുണാകമല വിഷ്ണുഭഗവാനും
നാന്മുഖനുമാദികവിമാതൃ ഗുരുഭൂതർ
നന്മകൾ വരുത്തുക നമുക്കു ഹരിരാമ

ഉത്തമപുരാണപുരുഷന്റെ ചരിതാനാ-
മുത്തമമിതാദിരഘുനായകചരിത്രം
ഭക്തിയൊടു ചൊല്ലുവതിനിന്നു തുനിയുന്നേൻ
മുക്തിപദമേകുവതിനാശു ഹരിരാമ.

രാക്ഷസകുലാധിപതി രാവണഭുജോഷ്മാ
തീക്കനലിൽ വീണുഴലുമത്രിദശപാളി
പാൽക്കടലിൽ മേവിന പുരാണപുരുഷന്റെ
കാൽക്കലടിപെട്ടു ഭുവി വീണു ഹരിരാമ.

മാധവ! ജയിക്ക മധുസൂദന! ജയിച്ചീ-
ടാധിശമനായ ഭവ നീലഘനധാമൻ!
സാധുജനപാലന! നിബോധ ഗിരമസ്മാൻ
പാഹി ജഗദീശ്വര! നമോസ്തു ഹരിരാമ.

ഇത്ഥമമരസ്തുതികൾ കേട്ട പുരുഷോത്താ-
മുത്തമനനന്തന്റെ ഫണിമെത്തമെലിരുന്നു
ഹന്ത! ഭവദാഗമനകാരണമമർത്ത്യാ-
സ്സാമ്പ്രതമിദം കിമിതി ചൊൽക ഹരിരാമ.

സാക്ഷിഭവതാവിദിതമിങ്ങു കിമിദാനീം
സൂക്ഷ്മതനുവായഖിലജന്തുഷു നിവാസാ
ഈക്ഷണകലാചലനമാത്രയതിൽ വിശ്വം
തീക്ഷ്ണ തവ വൈഭവമിതെന്തു ഹരിരാമ.

ആപദി ഭജന്തി ന ഭജന്തി സുലഭേത്ഥ
ത്വാമകരുണാവരദ കാമവിവശാ യേ
കേവലസുഖായ നഹി തന്നവിദിതം കിം
തദ്വദിഹ തേ വയമപീശ ഹരിരാമ.

കേൾക്ക മമ വാക്യമരിസൂതന തവാജ്ഞാ-
വാർത്ത പറയുന്നു ദശകന്ധരദുരാത്മാ
രാക്ഷസനടക്കി ഭുവനത്രയമശേഷം
രൂക്ഷത ഭയങ്കരമവന്നു ഹരിരാമ.

ശങ്കരനവന്നു വരമേകിയതുമൂലം
ശങ്ക ഭഗവാനെയുമതില്ലവനു നൂനം
തൻകരതലെെരചലചഞ്ചലനഹേതോ-
സ്സങ്കടമവന്നധികമേകി ഹരിരാമ.

വിക്രമനിധേ! ശൃണു പരാക്രമമവന്റെ
ധിക്കൃതമഹേന്ദ്രനവനെത്തിയ ദശായാം
വക്ഷസി പിടിച്ചു വരവച്ചു മുഹുരച്ചോ!
ദിക്കരികൾകൊമ്പുകളൊടിച്ചു ഹരിരാമ.

മല്പദമടക്കിയവനച്യുത! ഭവാനാൽ
ദത്തമപി വൃത്തിപദകല്പിതമവന്നായ്
വയ്ക്കണമവന്നശനമഗ്നി കരിയാതെ
കത്തണമധോഭുവി തെളിഞ്ഞു ഹരിരാമ.

കൊല്ലുവതിനൊക്കെ യമനങ്ങവ മുറിപ്പാൻ
വല്ലഭമെഴും നിരൃതി പാശി കഴകാനും
മുല്ലമലരാദികളിറുപ്പതിനു മെല്ലെ
നല്ല പവമാനനവനങ്ങു ഹരിരാമ.

എട്ടുദിശിദീപമവനഷ്ടമണിനാഗം
കഷ്ടമിതു കേട്ടു പണിപെട്ടു ഫണിരാജൻ
പൂട്ടറ തുറപ്പതിനു വൈശ്രവണമാക്കി
ചട്ടമിതി ദുഷ്ടനിശിചാരി ഹരിരാമ.

സ്തംഭശതശുംഭിത മഹാമണിപുരാഗ്രേ
കുംഭമുഖരാക്ഷസദുരുക്തിവശവത്തി
സ്തംഭമയനാസ്സസതി സമ്പ്രതി മഹാത്മാ
ജംഭരിപുതാനഗതി ഹന്ത ഹരിരാമ.

വാസ്തവമിതീശ! യമനേറി നടകൊള്ളും
പോത്തിനു പിടിച്ച പണി ചാടുകളിഴപ്പാൻ
ധൂത്തമതി വന്മരമിഴപ്പതിനു ചേത്തു
പേത്തുമൈരാവതഗജത്തെ ഹരിരാമ.

കാമവശനായവനുറക്കറയിൽ വീണാൽ
മാമകവിലാസിനികൾ കാലുഴികവേണം
മേനക നനപ്പതിനടിപ്പതിനു രംഭാ
ഉവ്വശി തിലോത്തമ തളിക്ക ഹരിരാമ.

സൂരികളെ രാപ്പകൽ നടന്നു കരയിക്കും
ശൌൎയ്യനിധി രാവണനന്നടേ ഭുജബലത്താൽ
സൂൎയ്യനുമുദിച്ചു ദിശി നേരെ നടകൊൾവാൻ
പാരമിയലുന്നു പണി നാഥ ഹരിരാമ.

മേദിനിയിൽ മേവിന മഹീസുരവരാണാം
വേദനകളെന്തു പുനരിന്നു പറവൂ നാം
വേദികളിൽ നീളെനിണമൂത്തവർ മുടക്കി
യാഗഹവനാദികളുമൊക്കെ ഹരിരാമ.

നഷ്ടയജനാലതിവിശന്നരിയ കണ്ണും
നട്ടു ഭയമോട്ടു ബത! നഷ്ടി പിടിപെട്ടും
ദുഷ്ടരജനീചരദവാഗ്നിഘനധാരാ
ദൃഷ്ടിമുന നൽകുക നമുക്കു ഹരിരാമ.

ദേവകളിതേവമുരചെയ്തളവു ദേവൻ
ദേവകളൊടേവമരുൾചെയ്തു ജഗദീശൻ
ദേവതകളേ! മതി വിഷാദമിഹ യൂയം
വാനരകുലേ ഭുവി പിറക്ക ഹരിരാമ.

ആശരകുലാധമവധായ ശൃണു വേധാ
ദാശരഥിയായുലകിൽ ഞാനിഹ പിറപ്പൻ
നാശമകലും പുനരിതേവമുരചെയ്തു-
ങ്ങാശു ഭഗവാനഥ മറഞ്ഞു ഹരിരാമ.

യോ ജഗദിദം സൃജതി കാലഗുണശക്ത്യാ
യോ ജഗദിദം സപദി പാതി പരമാത്മാ
യോ ജഗദിദം ഹരതി സോയമഖിലേശോ
മേ മനസി സംഭവതു നാഥ ഹരിരാമ.

അല്ലലകററീടുവതിനാശ്രിതജനാനാം
വില്ലുമമ്പുമായടവിതന്നിലെഴുന്നള്ളി
ചൊല്ലെഴുന്ന രാവണനെക്കൊന്ന രഘുനാഥൻ
നല്ലതു വരുത്തുക നമുക്കു ഹരിരാമ.

(രാ. ഇ. ഫ—ാംവൃത്തം)

---

അംബുജവിലോചനനമിന്ദിരമഹേശൻ
കുംഭിമുഖനും പരിചിനോടു ഗുരുഭൂതൻ
ജംഭരിപുവാദി സുരവൃന്ദവുമശേഷം
സമ്പ്രതി തുണയ്ക്കണമെനിക്കു ഹരികൃഷ്ണ.

പാഥസി നിശാകരകലേവ സതതം മേ
ചേതസി വിളങ്ങുക തെളിഞ്ഞു കവിമാതേ!
കാതരതയൊക്കെയുമൊഴിച്ചു കവിതായാം
ചാതുരി വളർത്തുക നമുക്കു ഹരികൃഷ്ണ.

വൃഷ്ണിവരവംശമതിൽ വന്നു നളിനാക്ഷൻ
കൃഷ്ണതനുവായവതരിച്ചൊരു ചരിത്രം
തൃഷ്ണയൊടു ചൊല്ലുവതിനിന്നു തുനിയുന്നോൻ
വിഷ്ണുപദമേല്ക്കുവതിനാശു ഹരികൃഷ്ണ.

ദുഷ്ടദനുജാംശ നരപാലകഭരംകൊ–
ണ്ടൊട്ടുപണിപെട്ടു നെറികെട്ടഥ ധരിത്രി
നഷ്ടധൃതി ചെന്നു നളിനോത്ഭവനൊടിത്ഥം
കഷ്ടതകളൊക്കെയുമുണർത്തി ഹരികൃഷ്ണ.

“പേർത്തസുരപാർത്ഥിവഭരാർത്തി മമ തീർത്തി-
ട്ടാസ്ഥയൊടു കാക്ക പരമാർത്ഥപരമൂർത്തേ!
പേർത്തുടലു നേർത്തു മമ ചീർത്തുവരുമാർത്ത്യാ
പാർത്തറിക വാർത്തകളിതോർത്തു ഹരികൃഷ്ണ.

ശേഷഫണമണ്ഡലമശേഷവുമിദാനീ-
മീഷലൊടു താണിഹ തളർന്നു വലയുന്നു
ശേഷമിതിലെന്തധികമോർത്തുവതഹോ ഞാ-
നാഴിയതിൽ വീഴമചിരേണ ഹരികൃഷ്ണ.”

തൻകഴൽ വണങ്ങിയുരചെയ്തൊരു ധരിത്രീ...
സങ്കടമൊഴിപ്പതിനു പങ്കജഭവൻതാൻ
ശങ്കരനൊടും വിബുധരോടുമൊരുമിച്ച-
പ്പങ്കജവിലോചനമവാപ ഹരികൃഷ്ണ.

പാൽക്കടലുടേ പെരിയ തീരഭുവി ചെന്നാ-
ങ്ങാക്കമൊടു നിന്നു പരിചോടു പരമേഷ്ഠി
സൂക്തമനുമണ്ഡലമുദീര്യ നുതിചെയ്താൻ
പ്രാക്തന മഹാപുരുഷമാശു ഹരികൃഷ്ണ.

“അച്യുതമുകുന്ദ മധുസൂദനമുരാരേ!
നിശ്ചല നിരഞ്ജന നിരാമയ നിരീഹ!
ത്വച്ചരണപങ്കജപരാഗപരമാണും
നിശ്ചലധിയാ ഹൃദി ഭജാമി ഹരികൃഷ്ണ.”

സാധുസരസീരുഹഭവസ്തുതികൾ കേട്ട-
ന്മാധവനശേഷജനനായകനമേയൻ
പ്രീതിയൊടുണർന്നുരഗശയ്യയിലിരുന്ന-
ങ്ങാദരവൊടേവമരുൾചെയ്തു ഹരികൃഷ്ണ.

"ശങ്കര വിരിഞ്ച വിബുധാധിപ! ഭവാന്മാ-
രെൻകഴൽ വണങ്ങിനൊരു കാൎയ്യമതറിഞ്ഞേൻ
സങ്കടമശേഷവുമൊഴിപ്പനഹമിപ്പോൾ
ശങ്ക കരുതായ്കു മനതാരിൽ ഹരികൃഷ്ണ.

ദുഷ്ടജനനിഗ്രഹമതിന്നു വസുദേവ-
ന്നിഷ്ടതമയാകിയൊരു ദേവകിയിൽ ഞാനും
അഷ്ടമനതായ സുതനായവതരിപ്പേ-
നൊട്ടുമിഹ നീക്കമതിനില്ല ഹരികൃഷ്ണ.

മേദിനിയുടേ ഭരമൊഴിപ്പതിനു ചെമ്മേ
സോദരനതായവതരിക്കുമഹിരാജൻ
വേദനകളൊക്കെയുമൊഴിഞ്ഞു വിബുധന്മാർ
യാദവകുലേ ഭുവി പിറക്ക ഹരികൃഷ്ണ."

ഏവമവരോടുമരുൾചെയ്തു പുനരപ്പോൾ
കേവലപുമാനവിടെനിന്നഥ മറഞ്ഞാൻ
ദേവകളുമാശു കുതുകത്തൊടു ധരിത്രീ-
ദേവിയൊരുമിച്ചഥ ഗമിച്ചു ഹരികൃഷ്ണ.

(ഭാ: ഇ: ഒന്നാംവൃത്തം)

# ൭. ശ്രീരാമാവതാരം.

സന്തതി പുനരില്ലാഞ്ഞു സന്തതം
സന്താപപ്പെട്ടിരിക്കുന്ന ഭൂപനു
ചിന്ത മററൊന്നിലില്ല ജഗത്രയ-
സന്താനത്തിനു മാനസേ ഗോവിന്ദ.

ഖിന്നം പാരം വിശക്കുന്നവനുണ്ടോ
അന്നമെന്നിയേ മററൊന്നിൽ കൌതുകം
എന്നപോലെ ചമഞ്ഞു സുതാൎത്ഥിക്ക-
ങ്ങന്യസമ്പൽസുഖങ്ങളിൽ ഗോവിന്ദ.

പുത്രപ്രാപ്തിക്കുപായമുണ്ടെന്നുടൻ
ഭദ്രമന്ത്രി സുമന്ത്രുവചനത്താൽ
പുത്രകാമേഷ്ടികൎമ്മം തുടങ്ങിനാ-
നൃശ്യശൃംഗമഹാമുനി ഗോവിന്ദ.

ഹവ്യവാഹനകുണ്ഡത്തിൽനിന്നുണ്ടായ്
ദിവ്യനായൊരു പൂരുഷനന്നേരം
കൈയിൽ മേവിന പായസം ഭൂപന്റെ
കൈയിൽവച്ചു മറഞ്ഞുടൻ ഗോവിന്ദ.

അൎദ്ധിച്ചങ്ങു കൊടുത്തതിനാലവ-
രൎദ്ധമൎദ്ധം കൊടുത്തു സുമിത്രയ്ക്കു.
ബദ്ധമോദം ഭുജിച്ചവർ മൂവൎക്കും
ഗൎഭമുണ്ടായി വൎദ്ധിച്ചു ഗോവിന്ദ,

മുപ്പാരെപ്പേരുമുള്ളിലടക്കുന്ന
പത്മനാഭനെത്തന്നുള്ളിലാക്കീട്ടും
പത്മലോചനാ ഭാഗ്യം പുകഴ്ത്താമോ
പത്മസംഭവനും ഹരിഗോവിന്ദ.

പൊന്മണിക്കുംഭംപോലെ വിളങ്ങുന്ന
നൻമുലയിണ ചാഞ്ഞു കൌസല്യേടെ
ഇമ്മൂന്നുലോകം പെററ ഹരിജന്മം
കാണ്മാനെന്നപോലെ ഹരിഗോവിന്ദ.

ലോകരാവണ രാവണഭീതികൊ-
ണ്ടാകുലരായി ദേവകളെങ്കിലും
ആകെത്തിങ്ങി മദിച്ചു ദിവാനിശം
ജായമാനേ ഹരൌ ഹരിഗോവിന്ദ.

വക്രവൃത്തികൾ പാട്ടും പരസ്പരം
വിക്രമിക്കുന്ന വാറു നവഗ്രഹം
ഭദ്രരാശികളിൽ സ്ഥിതിചെയ്തുപോൽ
ചക്രപാണീടെ ജന്മനി ഗോവിന്ദ.

നാകഭേരികൾ താനേ മുഴങ്ങിയും
ലോകമാനസജാലം തെളികയും
നാകനാരികളാടിയും പാടിയും
തോയരാശി തെളികയും ഗോവിന്ദ.

നക്ഷത്രങ്ങൾ തെളിഞ്ഞു ഗഗനത്തിൽ
ദിക്കുകൾ പത്തുമൊക്കെ പ്രകാശിച്ചു
അൎക്കസോമനും സുപ്രഭ കൈക്കൊണ്ടു
ലക്ഷ്മീ വൎദ്ധിച്ചു ഭൂമിയിൽ ഗോവിന്ദ.

ശാന്തിവിപ്രഗൃഹങ്ങളിലഗ്നികൾ
പൂൎവ്വശാന്തങ്ങൾ കത്തിജ്വലിച്ചുടൻ
കാന്താരേ ദ്വീപി സിംഹാദി സൎപ്പങ്ങൾ
ജാതിവൈരം വെടികയും ഗോവിന്ദ.

സൂതികാലമണഞ്ഞതറിയിപ്പാൻ
ദൂതനെപ്പോലെ നീളെ നടന്നുടൻ
പൂതിഗന്ധം കളഞ്ഞു സുഗന്ധവാ-
നായി വീശി തദാ വായു ഗോവിന്ദ.

യാതുക്രൂരികൾ നീക്കിക്കളവാനും
ലോകകൈരവബോധം വളൎത്താനും
കൌസല്യാദേവി പൂൎവ്വാചലേ രാമ-
ചന്ദ്രൻ ജാതനായമ്പോടു ഗോവിന്ദ.

രാമചന്ദ്രം ജനിപ്പിച്ചു കൌസല്യാ-
ദേവി കൈകേയി പെററു ഭരതനെ
ലക്ഷ്മണനെയും ശത്രുഘ്നനാമാനം
പെററു നല്ല സുമിത്രയും ഗോവിന്ദ.

അൎക്കൻ മേടത്തിൽ വ്യാഴവും ചന്ദ്രനും
കൎക്കടകത്തിലന്നേരം നില്ക്കുന്നു
അൎക്കപുത്രൻ തുലാത്തിലും ഭാൎഗ്ഗവ-
നത്യുച്ചസ്ഥിതനായിട്ടും ഗോവിന്ദ.

അഞ്ചുണ്ടുപോൽ ഗ്രഹങ്ങളങ്ങുച്ചത്തിൽ
പിന്നെപ്പഞ്ചമഹായോഗമുണ്ടുപോൽ
ചന്ദ്രൻ വ്യാഴത്തോടൊന്നിക്ക കാരണം
കേസരിയോഗമുണ്ടുപോൽ ഗോവിന്ദ.

ദ്രഷ്ടിയിൽ ചൊവ്വാ നിന്നതു കാരണം
കഷ്ടമുണ്ടു കളത്രം നിമിത്തമായ്
കണ്ടകശ്ശനി ഹേതുവായിട്ടടൻ
കാട്ടു പുക്കു വസിക്കണം ഗോവിന്ദ.

പുത്രകാരകനച്ചസ്ഥനാകയാ-
ലുണ്ടാം നല്ലോരു പുത്രനൊട്ടുക്കത്തു
പത്താമടത്തു ഭാസ്കരൻ നിൽക്കയാൽ
കർമ്മശക്തിയുമുണ്ടുപോൽ ഗോവിന്ദ.

ഉണ്ണിയുണ്ടായ സന്തോഷംകൊണ്ടടൻ
പുണ്യലോകായ ഭ്രതി കൊടുക്കയാൽ
ആലവട്ടം കുടതഴയെന്നിയേ
ശേഷിച്ചില്ലൊന്നും ഭൂപന്ന ഗോവിന്ദ.

നാലുകൈയുള്ള വിഷ്ണുവിനെപ്പോലെ
നാലു പുത്രന്മാരെക്കൊണ്ടു രാജാവും
നാലു ദന്തങ്ങളുള്ള മഹേന്ദ്രമാം
വാരണംപോലെ ശോഭിച്ചു ഗോവിന്ദ.

(രാ: ഇ: രണ്ടാംവൃത്തം.)

# ശ്രീകൃഷ്ണാവതാരം.

ദുഷ്ടനാകിയ കംസനെക്കൊന്നിട്ടു
വിഷ്ടപമൊക്കെ രക്ഷിപ്പതിന്നായി
ശിഷ്ടയാകിയ ദേവകിക്കക്കാലം
അഷ്ടമഗൎഭമുണ്ടായി ഗോവിന്ദ.

മാധവനവൾതന്നുടെയുള്ളിലും,
ആധി കംസമഹീപൻെറയുള്ളിലും,
സാധുലോകങ്ങൾതന്നുള്ളിൽ മോദവും,
ബാധകൂടാതെ വൎദ്ധിച്ചു ഗോവിന്ദ.

കൊണ്ടൽവേണിയാം ദേവകിക്കക്കാലം
ഉണ്ടായീ ഗൎഭമെന്നതു കേട്ടുടൻ
ഇണ്ടൽ കൈക്കൊണ്ടു കംസനും മാനസേ
കുണ്ഠിതം പൂണ്ടു മേവിനാൻ ഗോവിന്ദ.

ഇത്ഥമോരോ ദിവസം കഴിഞ്ഞിട്ടു
പത്തുമാസം തികഞ്ഞോരനന്തരം
ഉത്തമമായ രോഹിണിനാൾ പുരു-
ഷോത്തമനും ജനിച്ചിതു ഗോവിന്ദ.

ചക്രപാണി ജനിച്ചപ്പോൾ മേദിനീ-
ചക്രം തന്നിൽ വസിക്കും ജനങ്ങൾക്ക്
ഉൾക്കാമ്പിലൊരു മോദവും സൌഖ്യവു-
മക്കാലമേറിവന്നിതു ഗോവിന്ദ.

പക്ഷികൾ തന്നുടെ മൃദുനാദവു-
മൃക്ഷതാരകപംക്തികൾ ശോഭയും
ദിക്ഷു സർവ്വാസു നല്ല തെളിമയും
തൽക്ഷണമുളവായിതു ഗോവിന്ദ.

സത്തമന്മാരായുള്ള ജനങ്ങടേ
ചിത്തതാരിലുദിച്ചു പ്രസന്നത
കത്തിത്തന്നെ ജ്വലിച്ചു ജ്വലനനും
തത്ര തത്ര വിളങ്ങിനാൻ ഗോവിന്ദ.

മന്ദമാരുതസഞ്ചാരമക്കാലം
സ്പന്ദമാനമായ്വന്നു ദിഗന്തത്തിൽ
നന്ദമാനയാം മേദിനിക്കങ്ങട-
നാനന്ദശ്വാസമായിതു ഗോവിന്ദ.

മന്ദമെന്നിയേ പാടിയുമാടിയും
സുന്ദരീജനമൊക്കെയുമംബരേ
ദുന്ദുഭി കൊട്ടി ഘോഷിച്ചുമാനക-
ദുന്ദുഭി സുതജന്മനി ഗോവിന്ദ.

(ഭാ: ഇ: ൨-ാം വൃത്തം)

# ൯. താടകാവധം.

ലോകത്രയകൃതസുകൃതപൂരമൊരു തരുണതയി-
ലേവംവിധം ചമഞ്ഞുകൊണ്ടു ചാലേ പുറപ്പെട്ടമളവിൽ
ആപത്രയനികരങ്ങളും ദൂരംവഴി ഗമിപ്പതിന്ന-
ങ്ങാരംഭിക്ക തുടങ്ങി ഹരിരാമ രഘുനാഥജയ.

ആത്തമോദം ദശരഥന്റെ കാൽത്തളിരിൽ വണങ്ങി-
ക്രുത്തശരം കുലചിലയുംചേൎത്തു നിജകരതളിരിൽ [വീണു
വാൎത്ത മുനി പറയുന്നതും കേട്ടു സുഖിച്ചുദിതധൃതി-
പോയ്ത്തുടങ്ങി നൃപതനയർ രാമരഘുനാഥജയ.

ബലയുമതിബലയുമിതി മന്ത്രയുഗളമുപദേശിച്ചു
വിശപ്പുദാഹം കളയിപ്പിച്ചു സരയൂനദി കടന്നുടനെ
വലിയ ചില വനംപൂകുമ്പോൾ വലിയ ചില നിനദം-
ട്ടലുക്കലുക്ക പിടിച്ചു മുനി രാമരഘുനാഥജയ. [കേട്ടി-

പെരിയമല കരചരണയുഗങ്ങളെയും ധരിച്ചുകൊണ്ടു-
വരുന്നപോലെ രജനിചരി വരവുകണ്ടു പറഞ്ഞു മുനി
നരഭോജിനി ഇത താടക വരുന്നു ദശരഥതനയ!
ശരംതൊടുക്ക വിരവിനൊടു രാമരഘുനാഥജയ.

അതി ചുവന്ന തലമുടിയും വലിയ ഗുഹകണക്കെ വായും
ചുവന്ന വട്ടപ്പരിശപോലെ ചുവന്ന കണ്ണിൻമിഴികൾ ര-
പെരിയവല്ലംകണക്കേവയററിയപദക്രമണംകൊണ്ടു [ണ്ടും
ധരണിതലം കുലുക്കിവന്നു രാമരഘുനാഥജയ.

വീണടിഞ്ഞമൂലകൾകൊണ്ടങ്ങാഞ്ഞടിക്കുമടികൾകൊണ്ടു
പാഞ്ഞു മൃഗപടലി ദിശി ചാഞ്ഞു തരുനികരങ്ങളും
പാഞ്ഞുവന്നു പിടിച്ചു തൻെറ പ്രാണങ്ങളെക്കളയും മുമ്പേ
ബാണംകൊണ്ടു കൊട്ടുക്കരസി രാമരഘുനാഥജയ.

ഒരുത്തിയെന്നു നിനച്ചു നീയും വധിപ്പതിന്നു മടിക്ക-
[വേണ്ടാ
പെരുത്ത ദുഷ്ടവധം നിനക്കു വിധിച്ച വിധിയിതെന്നറിക
തടിച്ചി വന്നു പിടിച്ചു നമ്മെക്കടിച്ചുതിന്നുന്നതിന്നുമുമ്പെ
കൊട്ടുക്കരസി വിശിഖംകൊണ്ടു രാമരഘുനാഥജയ.

ഭൂമണ്ഡലം വിഴുങ്ങുവാനായ് വാപിളക്കുമസുരസുതാ
ദീൎഘജിഹ്വവിജിതയായി വാസവനാലൊരു ദിവസം
ലോകം മൂന്നുമനിന്ദ്രമാവാൻ സേവിച്ചൊരു ഭൃഗുപത്നിയെ
വാസുദേവൻ കഴിച്ചു പണ്ടു രാമരഘുനാഥജയ.

മൂൎത്തിവരപരശുകൊണ്ടു ഭാൎഗ്ഗവനും മുറിച്ചു നിജ
ധാത്രിയുടെ കഴുത്തു പണ്ടിതോൎക്ക ഹൃദി രഘുതിലക,
പാൎക്കരുതു കുലയ്ക്കു വില്ലു ചേൎക്കയമ്പുപവഴിതന്നിൽ
രാക്ഷസിയെക്കഴിക്ക ശിവരാമരഘുനാഥജയ.

പിടിച്ചുകൊണ്ടു കടിച്ചുതിന്നുന്നവർകളുടെ കുടലുനിണ-
മുടലിലണിഞ്ഞിത വരുന്നു തടിച്ചിയന്നു രജനിചരി
തൊടുക്ക ശരം ചെവികഴിയെ വലിച്ചുനോക്കീട്ടടനയയ്ക്കു
മടിക്കരുതു മനുതിലക! രാമരഘുനാഥജയ.

ഇത്ഥം മുനിവചനം കേട്ടു പെൺകൊലയിലുദിച്ച കൃപ
തൻശരത്തിൻമുനമേൽവച്ചിട്ടമ്പിനൊടു വലിച്ചൊന്നെയ്തു
അമ്പുകൊണ്ടു രജനിചരി മുമ്പിൽത്തന്നെ മരിച്ചുവീണു
വമ്പിച്ചൊരു മലകണക്കെ രാമരഘുനാഥജയ.

(രാ: ഇ: മൂന്നാംവൃത്തം)

# പൂതനാമോക്ഷം.

നന്ദനന്റെ ജനനം കേട്ട നന്ദഗോപരധികതര-
കന്ദളിതകുതുകഭരതുന്ദിലനായതുപൊഴുതു
വന്ദ്യപരധരണി സുരവൃന്ദവുമായ് കഴിച്ചിതു മു-
കുന്ദനുടെ ജനനക്രിയ പരമയദുനാഥ ജയ.

വ്യാജഹീനമവനൊരുനാൾ ഭോജവരനൃപതിയ്ക്കായി
രാജകരം കൊടുപ്പതിനു ഭോജപുരി ഗമിച്ചളവു
രാജമാനഗുണനിവഹഭാജനമാം വസുദേവര-
ങ്ങേവമവനൊടു പറഞ്ഞു പരമയദുനാഥ ജയ.

വർണ്ണ്യതരഗുണഗണമഗണ്യമിതു തവ പറകി-
ലെണ്ണമറ്റ സുകൃതമാകും വിണ്ണോർകുലവിടപി തവ
പുണ്ണ്യമാകും സലിലംകൊണ്ടു നന്നായ് നിത്യം നനച്ചു-
[നല്ലൊ-
രുണ്ണിയാകും ഫലത്തെ നൽകി പരമയദുനാഥ ജയ.

വിനയഗുണനിലയ തവ ഭവനമതിലവിടെ മമ
തനയനവനധുനാ നിജ ജനനിയൊടു സഹിതനായി
ജനകനിവനിതി ഭവന്തം മനതളിരിലുറച്ചുകൊണ്ടു
മരുവുന്നിതോ കുശലിയായി പരമയദുനാഥ ജയ.

ഇത്ഥമോരോന്നുരച്ചിവിടെ നില്പതിനു സമയമില്ല
സത്വരം നീയിവിടെനിന്നു പത്തനത്തിൽ ഗമിക്കവേണം
ഉല്പതിക്കുമവിടെ ചിലയുൽപാതങ്ങളുടനെയെന്നു
കല്പിക്കുന്നു മനസി ഞാനും പരമയദുനാഥ ജയ.

ശ്ശൂരസുതവചനംകേട്ട നേരിതെന്നു നിനച്ചു നന്ദ-
ഗോപരുടനവിടെനിന്നു ഗോകുലത്തിലണയും മുമ്പേ
ഭോജപതി പറഞ്ഞയച്ചു പൂതനയാം നിശിചരിയും
ഗോകുലത്തിലടുത്തുചെന്നു പരമയദുനാഥ ജയ.

ഭീഷണമാം തനു മറച്ചു യോഷകളിലൊരുവളുടെ
വേഷമത്തു ധരിച്ചു വിഷരൂഷിതമാം മുലയുമേന്തി
ശേഷനൊടു സഹിതനായശേഷപതി മരുവുമൊരു
ഘോഷഭുവി ഗമിച്ചുടനെ പരമയദുനാഥ ജയ.

പെണ്ണിനുടെ വടിവുതേടും പുണ്യജനതരുണിയെ ഞാൻ
വിണ്ണോർപുരിയയപ്പനെന്നു നണ്ണി നിജ തിരുമനസി
കണ്ണനങ്ങു കപടമായി കണ്ണടച്ചു കിടന്നുറങ്ങും-
വണ്ണമങ്ങു കിടന്നവിടെ പരമയദുനാഥ ജയ.

അടുത്തുചെന്നു നിശചരിയുമെടുത്തു കൈയിൽ ശിശുവി-
[നെയും
കടുത്ത വിഷകലുഷമുല കൊടുത്തുടനെ കുടിപ്പതിനായ്;
തടിച്ച നിജ കരങ്ങൾകൊണ്ടു പിടിച്ചു ഹരി മുലയിൽ
[നന്നായ്-
കുടിച്ചു ജീവൻ മുടിപ്പതിന്നു പരമയദുനാഥ ജയ.

മുലപ്പാലൊട്ടുകുടിച്ചു നിന്റെ വിശപ്പു തെല്ലുമടങ്ങിയില്ലേ?
കുടിച്ചതിനി മതിമതിയെന്നുരച്ചു ചൊല്ലുന്നതിനു മുമ്പ്;
തുറിച്ചിരിക്കുമവളുടെ ജീവൻ പറിച്ചുവരുംകണക്കിലങ്ങു
വലിച്ചു മുല കുടിച്ചു ഹരി പരമയദുനാഥ ജയ,

അടുത്തളവു മരണകാലം കരുത്ത നിജ വടിവു തേടി-
യലച്ചുഴറിക്കരഞ്ഞു പാരം മിഴിച്ചു നിജ നയനങ്ങളും
വമിച്ചു ചോര മുഖത്തിലൂടെ മരിച്ചുവീണു നിശിചരിയും
തടിച്ച പൊണ്ണൻമലകണക്കെ പരമയദുനാഥ ജയ.

കുലുങ്ങിയിതു ധരണിതലം കലങ്ങിയിതു ജലധികുല-
മുലഞ്ഞു കുലപൎവതങ്ങൾ വലഞ്ഞു ദിവി സുരജനങ്ങൾ,
ഇടഞ്ഞു മരനികരമൊക്കെപ്പൊടിഞ്ഞുപോയി രജനി-
മറിഞ്ഞുവീണോരളവിലതു പരമയദുനാഥ ജയ. [ചരി-

ചോലൊടവളുടെയുപരി ലീല തേടി മരുവും നിജ-
ബാലകനെയെടുത്തു പരിപാലിച്ചങ്ങു മരുവിനൊരു
കാലത്തങ്ങു നിഖിലപശുപാലപതി സപദി നന്ദ-
നാലയത്തിന്നകത്തു പുക്ക പരമയദുനാഥ ജയ.

മരിച്ചുവീണുകിടക്കുമൊരു പെരുത്ത നിശിചരിയെയങ്ങു
മുറിച്ചുമുറിച്ചുകലെക്കൊണ്ടങ്ങെരിച്ചുകൂട്ടുന്നൊരു പൊഴു- [തിൽ
ഹരിക്കു മുല കൊടുക്കമൂലം ഹരിക്കകൊണ്ടു നിഖില-
ഭവിച്ചു നല്ല സുരഭിധൂമമമലയദുനാഥ ജയ. [പാപം

കണ്ണനൊരുപൊഴുതു മുലയുണ്ണുവതിനിടവരിക-
കൊണ്ടവളുമുടനെ സുരമന്ദിരത്തിൽ മരുവീടിനാൾ
നന്ദനനെയെടുത്തുകൊണ്ടു നന്ദഗോപരതികുതുക-
മൊന്നിച്ചങ്ങു സുഖിച്ചുവാണു പരമയദുനാഥ ജയ.

(ഭാ: ഇ: ൩-ാംവൃത്തം)

# ൪. ശ്രീരാമവിലാപം.

പ്രണതജനപാലൻ ദശരഥതനൂജൻ
പ്രണയിനിയെ വേറായളവഴലെരിഞ്ഞും
മനസിജശരാർത്ത്യാ മനമുരുകിവെന്തും
സകലജനബന്ധു പരമശിവശംഭോ.

മമ തരുണി സീതേ! പുനരെവിടെ നീ പോയ-
രികിൽ മമ വാവാ സകലഗുണപൂർണ്ണേ!
തവ മുഖസരോജം തരളമിഴി കാണാ-
ഞ്ഞഴൽ മനസി പാരം പരമശിവശംഭോ.

കനകമൃഗതൃഷ്ണാ പെരുതു പുനരെങ്കിൽ
കഴിവിതിനുമുണ്ടെന്നറിക മമ സീതേ!
കമലമുഖി! ചന്ദ്രേ ഹരിണമിത വാവാ!
കലഹമിഹ പോരും പരമശിവശംഭോ.

മൃഗതരുണിമാലേ! വരികരികിൽ ബാലേ!
മൃഗനയനമാരാഭരണമണിസീതാ
കമലമുഖിദീനാ പുനരെവിടെ ലീനാ
പറക പരമാർത്ഥം പരമശിവശംഭോ.

കുരരി ബത! നീയും വയമിവ ചമഞ്ഞോ
പ്രലപസി നിതാന്തം തനരുചി കുറഞ്ഞും
പ്രിയതമയെയും ഞാൻ വനഭുവി തിരഞ്ഞ-
ങ്ങുഴലുവതിനാഞ്ഞു പരമശിവശംഭോ.

തുളസി നറുമുല്ലേ! മുല്ലലതന്നുവല്ലി
പരിലസിത ചില്ലീയുഗചലിതമല്ലീ
ലതകളുലകെല്ലാമഴകിനൊട്ടു വെല്ലു-
ന്നവളരികിലില്ലേ പരമശിവശംഭോ.

ഫലഭരണനമ്രാ ബകുളപനസാമ്രാ
മധുരതരമാമ്രാതക പറക കമ്രാ
കുചഭരണനമ്രാ മമ തരുണി താമ്രാ-
ധരിയെവിടെ ലീനാ പരമശിവശംഭോ.

സ്ഥിരചരജനിത്രി! വദ വദ ധരിത്രി!
തവമഹിതപുത്രീ! മധുരതരഗാത്രീ!
മമ സുഖജനിത്രീ! സുചരിതകളത്രീ!
കൃതയെവിടെ ലീനാ പരമശിവശംഭോ.

അളിപടലമേ കേളവളഗതിയെങ്ങോ
നളിനവദ നീയും നളിനമുഖിയെങ്ങോ
കിളികുയിലുകേകീകളവചനയെങ്ങോ
അഴൽ മനസി പാരം പരമശിവശംഭോ.

കമലമിഴിഘോരേ പയസി മുഴകിപ്പോ-
യ്യുരകമലമോ കാണനുജ! കരയേററീ-
ടറിക രഘുനാഥ! കരകമലമല്ലേ
ജലകമലമത്രേ പരമശിവശംഭോ.

കമലവനമദ്ധ്യേ കളമൊഴി ചിലമ്പിൻ-
കളകളനിനാദം ചെവിയിലിത കേൾക്കായ്
പദകമലമഞ്ജീരജനിനദമല്ലേ
കരകയരയന്നം പരമശിവശംഭോ.

വദനമിത കാണ്മാസ്സിയതി രമണീയം
മുഖകമലമല്ലേ മുഴുമതിയിതത്രേ
വിപിനഭുവി സീതാവചനമിത കേൾക്കാ-
മതു പികനിനാദം പരമശിവശംഭോ.

തരുതടമിതല്ലോ തണലിലിഹ പോരേ
ശശികിരണമത്രേ കൊട്ടുവെയിലിതല്ലേ
ഹിമകരനുദിച്ചാൽ വപുഷി ചുട്ടമോ മേ
അതു മദനതാപം പരമശിവശംഭോ.

വിരഹമപി വിദ്രാവയസി സഹവാസാ-
ദതികലഹമദ്രേ! വരികരികിൽ നിദ്രേ!
സകലജനഭദ്രേ! മയി തവ ഹൃദാർദ്രം
കുരു കൃപ വിനിദ്രേ പരമശിവശംഭോ.

രഘുവരനിവണ്ണം വിരഹതുയിർ പൂണ്ടും
ജനകനൃപപുത്രീമിടയിടെ വിളിച്ചും
വിളിയവളു കേളാഞ്ഞരിശമകതാരിൽ
പെരുകിയുമനേകം പരമശിവശംഭോ.

ദശവദനവീരംപ്രതി കുപിതനായി-
ക്കുല ചില കുലച്ചും മഹിതചെറുഞാണിൻ-
ധ്വനികൾ മുഹുരിട്ടും ത്രിജഗതി രിപൂണാ-
മഴൽ മനസി ചേർത്തും പരമശിവശംഭോ.

കമലനിരകാണുന്നളവരിയ കണ്ണും
പരിചിനൊട്ടു ചേർത്തും തെരുതെരെ നടന്നും
മലയപവമാനൻ വരുമളവിലയ്യോ
മരണമുടനെന്നും പരമശിവശംഭോ.

വനഭൂവി നടന്നും ദിശി ദിശി തിരഞ്ഞും
അനുജനെ മറന്നും പലവഴി പറഞ്ഞും
ചിലകുറി കരഞ്ഞും നിജതനു മെലിഞ്ഞും
വിവശത പിണഞ്ഞും പരമശിവശംഭോ.

(രാ: ഇ: എട്ടാംവൃത്തം)

---

# ഗോപസ്ത്രീകളുടെ വിലാപം.

———

രാസവിലാസസന്ദർഭം തങ്ങൾക്കു കൃഷ്ണൻ അധീനനായി എന്നു ഗോപാംഗനമാർ മദിച്ചതു കണ്ടു് പെട്ടെന്നു മറഞ്ഞപ്പോൾ അവർ ചെയ്യുന്ന വിലാപം—

സകലജനധന്യൻ തടനമുകിൽവർണ്ണൻ
ചതിവൊടു മറഞ്ഞോരളവു പരിതാപാൽ
കരളുരുകി ഗോപീജനവുമതിഖേദാ-
ലെരിപൊരിയിൽ വീണു മധുമഥനനംബോ.

വിരഹബലദൂനാ വിതതി വനിതാനാം
വിപിനഭുവി ദീനാ വിഷമശരലൂനാ
പടുകുഴിയിൽ വീഴും പിടിപടലിപോലെ
പരവശത പൂണ്ടു മധുമഥനനംബോ.

പലദിശി തിരഞ്ഞും ഭയമൊടു കരഞ്ഞും
പലമൊഴി പറഞ്ഞും പടുതകൾ കുറഞ്ഞും
സ്മരകനലെരിഞ്ഞും മനതളിർ കരിഞ്ഞും
പെരുവഴി മറഞ്ഞും മധുമഥനനംബോ.

കരളകമെരിഞ്ഞും തനുലത മെലിഞ്ഞും
ദിശി ദിശി മലഞ്ഞും പല വഴിയിലാഞ്ഞും
അഴലിനൊടുലഞ്ഞും വഴികളിലലഞ്ഞും
വനിതകൾ വലഞ്ഞു മധുമഥനനംബോ.

രമണനെ വിളിക്കും രഭസമൊടടുക്കും
പെരുവഴിയിൽ നിൽക്കും പുനരവിടെ നോക്കും
ഇടയിടയിൽ വീക്കും പലവഴി നിനയ്ക്കും
പുനരപി നടക്കും മധുമഥനനംബോ.

വഴികളിൽ വിഷണ്ണാ വനഭുവി നിഷണ്ണാ
വിവിധതരുഷണ്ഡാൻ വിവിധബഹുപുണ്ഡ്രാൻ
ചപലമതി കണ്ണനുടെമതിവു തിണ്ണം
പറയുമിതിവണ്ണം മധുമഥനനംബോ.

യമുനയുടെ കൂലേ കൃതതണലുപോലെ-
മരുവുമരയാലേ! പറക വഴിപോലെ
തവ കിമിഹ കാലേ രമണനിതുപോലെ-
യരികിൽ മരുവീലേ മധുമഥനനംബോ.

അലർശരകൊടുമ്പേ! പെരുകിയൊരുടമ്പേ
കളവതിനു മുമ്പേ വദ വദ കടമ്പേ!
ചതിയർകുലവമ്പൻ യദുവരരിൽ മുമ്പൻ
വരുമളവുകണ്ടോ മധുമഥനനംബോ.

തിലകവടകുന്ദാമലകപിചുമന്ദാ-
സനബകുളമന്ദാരക പറക നന്നായ്
കപടമൊടു വൃന്ദാവനഭുവിയിൽ നന്ദാ-
ത്മജനെവിടെ നിന്നാൻ മധുമഥനനംബോ.

അയി തുളസി! ധന്യേ! ശൃണു നളിനിവന്യേ!
തവ കരുണയെന്യേ ന ഗതിരിതി മന്യേ
കനിവിനൊടു കൊന്നേ! കഥയ മമ പുന്നേ!
ഹൃദയമുരുകുന്നേ മധുമഥനനംബോ.

യമുനയുടെ തീരെ ചുഴലെ വരുമോരോ
മൃഗതരുണിമാരേ! പറക ബത നേരെ
മമ ഹൃദയചോരൻ വ്രജപതികുമാരൻ
കപന്ന വസതി ധീരൻ മധുമഥനനംബോ.

പികതരുണിമാലേ! വരികരികിൽ ബാലേ!
പരഭരണശീലേ! പറക ഗുണശീലേ!
കനകനിഭചേലം കപടപശുപാലം
കഥയ ഘനനീലം മധുമഥനനംബോ.

കുടിലഹരിചില്ലീയുഗമൊടുടൽ തല്ലീ-
ടിന വിപിനവല്ലീകുലമണിമതല്ലി!
ദയിതമിഹ ചൊല്ലീടഴകിനൊടു മല്ലി!
തവ സുഖമിതല്ലീ മധുമഥനനംബോ.

ഇതി ബഹു പറഞ്ഞും മുഹുരപി തിരഞ്ഞും
പുനരപി നടന്നോരളവു വിപിനാന്തെ
പ്രിയതമനെയാരാഞ്ഞുഴറിനൊരു രാധാം
വഴിയിലിഹ കണ്ടു മധുമഥനനംബോ.

പഥി പരമദീനാമഥ പരിചൊടേനാം
പുനരപിച ചോദിച്ചളവു പരിതാപാൽ
അവൾ ബത പറഞ്ഞു സകലവുമറിഞ്ഞു
ചതിവുകളിതെല്ലാം മധുമഥനനംബോ.

കിളികൾ കുയിൽ പാടേ മനസി വ്യഥയോടേ
വിപിനഭുവി തേടീ പുനരപിച കാണാ-
ഞ്ഞകമലരു വാടീ പുളിനഭുവി കൂടീ-
ട്ടിതി സപദി പാടീ മധുമഥനനംബോ.

സുമുഖശതപണ്ണാ! വരിക മുകിൽവണ്ണാ!
കമലനിഭകണ്ണാ! കളിയരുതു കണ്ണാ!
തവ സുബഹുപുണ്യാ.........വതുണ്ണാ-
ഞ്ഞഴൽ മനസി തിണ്ണം മധുമഥനനംബോ.

സുഗുണഗണപാത്രം ദയിത! തവ ഗാത്രം
മനസിജമഹാസ്ത്രം മമ രമണനേത്രം
ഗതജനപവിത്രം തവ ഖലു ചരിത്രം
പറകിലതിചിത്രം മധുമഥനനംബോ.

ബഹുവിധമിവണ്ണം മൊഴികളതു കേട്ടോ-
രളവു മുകിൽവണ്ണൻ മനസി ദയ പൂണ്ട-
ങ്ങവരുടെയകണ്ണിന്നമൃതു ചൊരിയുമ്മാ-
റവിടെയെഴുന്നള്ളീ മധുമഥനനംബോ.

(ഭാ: ഇ: ൻ-ാംവൃത്തം)

# ൮. അയോദ്ധ്യാപ്രയാണം.

രാവണവധം മുതലായതു കഴിഞ്ഞ് സീതാസമേതം ശ്രീരാമൻ അയോദ്ധ്യയ്ക്കു പുഷ്പകത്തിൽ യാത്രചെയ്യുന്ന സന്ദർഭം:—

ജയനിർമ്മല! ജയമംഗല! ജയപങ്കജനയന!
ജയസുന്ദര! ജയമന്മഥ! ജയചിന്മയ! സതതം
ജയരാവണതിമിരാരുണ! കരുണാകര ഭഗവൻ!
ജയനിൻപദകമലം മമ! രഘുനായക ശരണം,

ഹരിരാക്ഷസവരസോദര ഹനുമാനൊടു സഹിതം
തരുണീമണി നിജ സീതയൊടൊരുമിച്ചതിമധുരം
തരസാ കുസുമവിമാനവുമധിരുഹ്യ വിശാലം
സുരസത്തമനിയെഴുന്നള്ളിന രഘുനായക ശരണം.

കുടചാമരമിടതിങ്ങിന തഴയും വെടികുഴലും
പടഹദ്ധ്വനിനടമദ്ദളമിടചേൎന്നൊരു നടനം
ഉടനേ നടനടയെന്നമരരകമ്പടിനടയും
ചടുലം പിടികളിയും ഹരിരഘുനായക ശരണം.

മിഥിലേശ്വരതനയേ! സതി! സരിതാംപതിമിതകാൺ
മലയം പൎവ്വതസാനുവൊടിടതിങ്ങിന ചിറയും
പിതൃതൎപ്പണമിയലും ജനകൃതപാപവുമകലു—
ന്നമരേശ്വരമിതജാനകി രഘുനായക ശരണം.

കലശോത്ഭവമുനിവാസവുമിതു ദക്ഷിണമധുരാ—
മരുണാചലമരുണാധരിഘൃതമാലയുമിതു കാൺ
കമലാശ്രിതമണിരംഗവുമതിപുണ്യമിതമലേ!
മണികാഞ്ചനപുരമിങ്ങിത രഘുനായക ശരണം,

ചട്ടലായതനയനേ! വരതിരുവെൺകിടഗിരികാ-
ണതിപുണ്യമിതമലേ പുനരിതു ദണ്ഡകവിപിനം
വടപഞ്ചകവിലസദംബരതടിനീതടനികടേ
മമ വാസകുടിയുമിങ്ങിത രഘുനായക ശരണം.

യമുനാസുരതടിനീജലമിടകൂടിനതിതു കാ-
ണിതിൽ വീഴ്കിലധുനാ പരഗതിയുണ്ടവനമലേ!
ശിരസാ പരിധൃതയാ പുനരമുയാ ജനകസുതേ!
ശിവനും ശിവകരനായിതു രഘുനായക ശരണം.

ഹിമവാനരുഗുണവാനിത രജതാചലശിഖരേ
ഗണനായകനിത രാജതി നിതരാമറുമുഖനും
തുഹിനാചലമകൾതൻ വളർകുളിർകൊങ്കകൾ പുണരും
ഭഗവാനിത പുരഹാഹരി രഘുനായക ശരണം.

സുരഷഡ്പദലസിതം സുരഗിരികർണ്ണിക പരിതോ-
നവഖണ്ഡവുമിതളായതു ഗിരികേസരനിവഹം
ജലരാശിയിലൊരു താമരയിലപോലിഹ ധരായാം
സ്ഥലമീദൃശമിതു കാണയി രഘുനായക ശരണം.

സരസീരുഹമുഖി നമ്മുടെ നഗരീമിതു സരയൂ
പരിഖാമതിവിപുലാമുടനിതി ചൊന്നതിമധുരം
അവതാരയദഥ പുഷ്പകമണിയാനവുമവനൌ
ഭരതാശ്രമമെഴനള്ളിന രഘുനായക ശരണം.

(രാ: ഇ: ഇരുപതാംവൃത്തം.)

# ദ്വാരകാപ്രയാണം.

നരകാസുരവധം മുതലായ മഹാകമ്മങ്ങൾ തങ്ങൾക്കു വേണ്ടി ചെയ്തിട്ടു് സ്വപത്നിയുടെ അഭിലാഷപ്രകാരം ഒരു പാരിജാതം പിഴുതതിൽ താൻ കലഹത്തിനൊരുങ്ങിയതു ക്ഷമിക്കണമെന്നും മററും അപേക്ഷിച്ച ഇന്ദ്രനോടു് യാത്രയരുളി ഭാമാസമേതം ദ്വാരാവതിക്കു ശ്രീകൃഷ്ണൻ മടങ്ങുന്ന സന്ദർഭം:—

അപരാധമതൊഴിവാനഥ തൊഴുതമ്പൊടു മരുവും
വിബുധാധിപനൊടു യാത്രയുമരുളീട്ടതിമധുരം
രമണീകുലമണിഭാമയുമൊരുമിച്ചഥ ഗഗനെ
ഗരുഡോപരി വിലസീടിന യദുനായക ശരണം.

പുതുതായവ പലതും വഴി പരിചോടുടനവളും
ഹൃദി കൌതുകമൊടു കണ്ടിഹ മരുവീടിന സമയേ
മൃദുപുഞ്ചിരി തടവീട്ടൊരു വചനം പ്രിയതമയോ-
ടതിമോഹനമരുളീടിന യദുനായക ശരണം.

"മിതഭാഷിണി! പൃഥിവീതലമതു കാണുക ദയിതേ!
പതിനായിരവഴി താഴെയിതറികെന്നതുമിഹ നീ
ചെറുതായൊരു മൃദുതാമരയിലപോലെയിതുദധൌ
വിലസുന്നതുമവലോകയ യദുനായക ശരണം.

സരസീരുഹമുഖി! മന്ദരഗിരി കാണുക സുഖമേ
സുരനാഥനു ജരപോവതിനമൃതാംബുധിമഥനേ
കടകോലിനു മതിയായൊരു വടിവേറിയ മഹിമാ-
വുടയോനിതു കരുതീടുക യദുനായക ശരണം.

രജതാചലമിതു കാണുക പരമേശ്വരഭഗവാൻ
നിജ ഭാൎയ്യയുമൊരുമിച്ചിഹ മരുവുന്നനുദിനവും
നിജ പാതകമൊഴിവാനഥ തൊഴുതീടുക ദയിതേ!
ത്രിജഗൽപതി പുരവൈരിയെ യദുനായക ശരണം.

രജനീചരപതി രാവണനൊരുനാളിതു പിഴുത-
ങ്ങുടനംബരസരണൌ പുനരെറിയുന്നൊരുപൊഴുതിൽ
ഒരുനേരമതുരുമാറിടമതിൽ വീണുടനടൽ പൂ-
ണ്ടവമാനമൊടസുരാഗ്രണി യദുനായക ശരണം.

അഴകേറിന ധനദന്നുടെ ഭവനം പുനരിതു കാ-
ണളകാപുരമൂലകേഴിലുമൊരു കേളിയതിയലും
നരവാഹനപുരപുഷ്പകമണിയാനവുമതിലു-
ണ്ടതിവിസ്മയമതു കാണുകിൽ യദുനായക ശരണം.

കമലായതനയനേ! സതി! ഹിമവാനെയുമിതകാ-
ണുമയാം ഭഗവതിതന്നുടെ ജനകൻ പുനരിവനും
സഗരാത്മജ പരിമോക്ഷണ നിപുണാംബരനദിത-
ന്നുടെ താതനുമിവനെന്നറി യദുനായക ശരണം.

ശശിനേർമുഖി! ശിശിരാചലപതിതന്നുടെ മഹിമാ-
വുരഗാധിപവരശേഷനുമുരചെയ്യതു പണിയാം
ഒരു കന്യക പരമേശ്വരന്നുടെ മൌലിയിൽ നിവസി-
ച്ചൊരു കന്യക തുടതന്നിലും യദുയായക ശരണം.

സരസംപരമിതു മാനസമിതി ഭ്രമിഷു വിദിതം
വടിവോടിഹ തടഭ്രമിഷു നിവസൻ കുശികസുതൻ
കടുതായൊരു തപസാ ബത കമലോത്ഭവഭജനാൽ
സുരമാമുനിവരനായിതു യദുനായക ശരണം.

ചടുഭാഷിണി! പരമാശ്രമമിതു കാണുക സുഖമേ
വടുവാമനവടുവേന്തിന ഭഗവാൻ മുരഹരനും
നെടുകാലവുമിവനെ സ്ഥിതികരുതീട്ടഥ തപസാ
ദ്രുഢതാമയമഭജൽ ഖലു യദുനായക ശരണം.

അവനീതലതിലകം പുനരിതു പാണ്ഡ്യകവിഷയം
ഭുവനാന്തരവിദിതം പുനരിതു ചോളകവിഷയം
ഇതിലമ്പൊടു മരുവും ജനമമരാലയസുഖവും
ചിതമല്ലിതി കരുതുന്നിതു യദുനായക ശരണം.

പുരുഷോത്തമ സദനോത്തമവരരംഗവുമിഹ കാ–
ണിതിനോടുരപറവാനിഹ നഹി മററൊരു നിലയം
ഭുജമാകുമൊരുപധാനമൊടുരഗാധിപശയനേ
വിലസുന്നിതു മുരഹാഹരി യദുനായക ശരണം.

മദകുഞ്ജരഗമനേ! പുനരിതു പഞ്ചമവടികാ–
ണിതിലായതു രഘുനായക വനവാസവുമമലേ!
ഇഹ രാവണഭഗിനീമുലകൊലയും ഖരവധവും
കൃതമായതു മതിനേർമുഖി യദുനായക ശരണം.

ഭുവനങ്ങളിൽ വിദിതം പുനരിതു കേരളവിഷയം
ധരണീസുരവരസൽകൃതമിതു ഭാൎഗ്ഗവമുനിയാൽ
സ്രുവപാതനമതിനോടിടലവണാംബുധിയതിൽനി–
ന്നിതമോടുടനിതെടുത്തിതു യദുനായക ശരണം.

സരസീരുഹമുഖി! പശ്ചിമമകരാലയമിതു കാ-
ണരുവായൊരു തിരമാലകളിളകീട്ടതിഭയദം
പരിചോടതിന്നുടെ മദ്ധ്യമദിശി സംപ്രതി വിലസു-
ന്നതു നമ്മുടെ പുരി കാണുക” യദുനായക ശരണം.

ഇതി ഭാമയൊടതികൗതുകമൊടു സൎവ്വവുമരുളീ-
ട്ടിതമോടഥ പുരിതന്നുടെ നികടേ വരുമളവിൽ
ഗരുഡൻഗളമതിൽനിന്നിഹ നിജ ഭാൎയ്യയുമൊരുമി-
ച്ചവതാരവുമകരോദഥ യദുനായക ശരണം.

(ഭാ: ഇ: ഫന്ന-ാംവൃത്തം)

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. MA2 Acc. No. 13447

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

MA2
KRI-R 134447

കൃഷ്ണപിള്ള ത്രിവർദ്ധനാത്ത്

രണ്ടു കൃതികൾ